# ഞാൻ എന്തുകൊണ്ട് ഒരു ക്രിസ്ത്യാനിയായി ?

റവ: സുൽത്താൻ മുഹമ്മദ് പോൾ

പി.ബി. നമ്പർ 45
കായംകുളം - കേരള.
ഫോൺ : 0479 - 2444286

WHY I BECAME A CHRISTIAN ?
(Malayalam)

By
Sulthan Muhammed Paul

No. of Copies: 10,000

Published by

P.O. No. 45
Kayamkulam.
Ph: 0479-2444286

All rights strictly reserved. No part of this Publication may be translated, or transmitted on any form or by any means electronic or mechanical, including photocopy, recording or any information storage and retrieval system without permission in writing from the publisher.

Price Rs. 15-00

Printed at :
P. P. George & Sons
Angamaly - 683 572.

# ആമുഖം

പാതിരി സുൽത്താൻ മുഹമ്മദ് പോൾ, തന്റെ സ്നേഹിതന്മാർ ആവശ്യപ്പെട്ടതനുസരിച്ച്"ഞാൻ എന്തുകൊണ്ട് ക്രിസ്ത്യാനിയായി" എന്ന ചുരുങ്ങിയ ഈ ആത്മകഥ എഴുതിയിട്ട് അരനൂറ്റാണ്ട് കഴിഞ്ഞിരിക്കുന്നു. ഈ ലഘുപുസ്തകം ആദ്യമായി ഉർദു ഭാഷയിലാണ് എഴുതപ്പെട്ടത്. ഇതിന്റെ ഇംഗ്ലീഷ് പതിപ്പ് 1927-ൽ ലാഹോറിലെ, മഹൽ സിംഗ്ഭാഗിലെ എം. കെ ഖാൻ പ്രസിദ്ധീകരിച്ചു. അത് പിൽക്കാലത്ത് തമിഴിലും മലയാളത്തിലും പ്രസിദ്ധീകരിക്കപ്പെട്ടു.

മുപ്പത്തിനാല് വർഷങ്ങൾക്കു മുമ്പ് അലഹബാദിൽ വച്ച് ചില മുസ്ലീം മതപണ്ഡിതന്മാരുമായി ചർച്ചയിൽ ഏർപ്പെട്ടിരുന്ന പാതിരി സുൽത്താൻ മുഹമ്മദ് പോളിനെ പരിചയപ്പെടുവാനുള്ള അവസരം എനിക്കു ലഭിച്ചു. അദ്ദേഹത്തിന്റെ ക്രിസ്തീയ സ്വഭാവവും അഗാധമായ പാണ്ഡിത്യവും എന്നിൽ മായാത്ത വ്യക്തി മുദ്ര പതിപ്പിച്ചു. അക്കാലത്ത് അദ്ദേഹം ലാഹോറിലെ ഫോർമൻ ക്രിസ്ത്യൻ കോളേജിൽ അറബിക് പ്രൊഫസറായി സേവനം അനുഷ്ഠിക്കുകയുണ്ടായിരുന്നു.

ഇക്കാലത്തുള്ള മനുഷ്യൻ കുടുംബപരവും സാമുദായികവും ദേശീയവുമായി ഔന്നത്യത്തിന്റെ തെറ്റായ ധാരണകളാൽ ഞെളിപിരി കൊള്ളുകയാണ്. സമൂഹത്തിന്റെ എല്ലാ തലത്തിലുമുള്ള എല്ലാത്തരം വ്യക്തികളിലും കാണുന്ന ഈ മിഥ്യാധാരണകൾ മനുഷ്യന്റെ "സ്വയ"ത്തിൽ അഥവാ മതത്തിന്റെ ഭാഷയിൽ പറഞ്ഞാൽ മനുഷ്യന്റെ അധ:പതനത്തിൽ നിന്ന് ഉടലെടുത്തിട്ടുള്ളതാണ്. ഈ "അധ:പതനാവസ്ഥ" മനുഷ്യന്റെ ഹൃദയത്തിൽ വേരൂന്നിയിട്ടുള്ളതാണ്. മാത്രമല്ല ഇത് ജീവിക്കുന്ന വിശുദ്ധ ദൈവത്തോടുള്ള ശത്രുതയിൽ നിന്ന് വെളിപ്പെടുന്നു.

മനുഷ്യർ പാപത്തെപ്പറ്റി ബോധവാന്മാരാണെങ്കിലും പാപത്തിന്റെ വിഷലിപ്തമായ ഫലങ്ങൾ മനുഷ്യ

മനസ്സിനെ പാടെ നശിപ്പിച്ചതിന്റെ ഫലമായി അവർ പാപത്തിൽ മുഴുകി അതിൽ ആറാടുകയും ചെയ്യുന്നു. പാപത്തെക്കുറിച്ചുള്ള ഈ അടിസ്ഥാന പ്രശ്നവും അതിന്റെ കുറ്റബോധത്തിൽ നിന്നും, അടിമത്വത്തിൽ നിന്നും വിടുതൽ പ്രാപിക്കാനുള്ള അന്വേഷണവുമാണ് പാതിരി സുൽത്താൻ മുഹമ്മദ് പോളിനെ അഭിമുഖീകരിച്ചത്.

യഥാർത്ഥത്തിൽ പാപത്തിന്റെ പ്രശ്നത്തെയും രക്ഷയുടെ മാർഗ്ഗത്തെയും അവഗണിക്കുന്നവരുണ്ടായിരിക്കും. ഹൃദയത്തിലെ മറഞ്ഞിരിക്കുന്ന കാര്യങ്ങൾ ദൈവസന്നിധിയിൽ തുറന്നതാണെന്ന് അവർക്ക് അറിയാമെങ്കിലും അവർ അവരുടെ ഹൃദയാവസ്ഥകളെ സ്വയം മൂടുപടം അണിയിക്കാനും മറ്റുള്ളവരിൽ നിന്ന് മറച്ചു പിടിക്കാനുമാണ് കൂടുതൽ ഇഷ്ടപ്പെടുന്നത്. അങ്ങിനെയുള്ളവർക്കു ഈ ചെറുഗ്രന്ഥം കാര്യമായി തോന്നുകയില്ല.

എന്നാൽ സ്വന്ത ജീവിതത്തിലെയും മറ്റുള്ളവരുടെ ജീവിതത്തിലെയും പാപത്തെക്കുറിച്ചും അതിൽ നിന്നുള്ള വിമോചനത്തെക്കുറിച്ചും കൂടതൽ ബോധവാന്മാരായവരും ഉണ്ട്. പാതിരി സുൽത്താൻ മുഹമ്മദ് പോൾ അവർകളുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ സ്വന്തം അനുഭവങ്ങളെ പരിശോധിക്കാൻ അങ്ങനെയുള്ളവരെ ഈ പുസ്തകം സഹായിക്കാതിരിക്കയില്ല. ഈ പുസ്തകത്തിലെ ഉള്ളടക്കത്തെ ആഴമായി ആരായുന്ന ഏവർക്കും അത് ജീവിക്കുന്ന ദൈവത്തിന്റെ നടത്തിപ്പിന്റെയും അനുഗ്രഹത്തിന്റെയും ഉറവിടമായി തീരട്ടെയെന്ന് ആശംസിക്കുന്നു.

നിങ്ങളുടെ പ്രതികരണം താഴെ കാണുന്ന വിലാസത്തിൽ അറിയിച്ചാലും.

Amir Ullah Alavi
C/o Bishara Manzil
Manjeri - 676 121

# ഞാൻ എന്തുകൊണ്ട് ഒരു ക്രിസ്ത്യാനിയായി ?

## *ബാല്യകാലവും വിദ്യാഭ്യാസവും*

എന്റെ ജന്മദേശം അഫ്ഘാനിസ്ഥാനാണ്. പരേതനായ എന്റെ പിതാവ് വസിച്ചിരുന്നത് ലോഗാറിന്റെ തലസ്ഥാനത്തിലാണ്. കാബൂൾ നഗരത്തിന് അൻപതു മൈൽ തെക്കായി സ്ഥിതി ചെയ്യുന്നതാണ് ലോഗാർ.

എന്റെ പിതാവായ പയാൻഡാഖാൻ അഫ്ഘാൻ സൈന്യത്തിൽ കേണൽ സ്ഥാനം വഹിച്ചിരുന്നു. അദ്ദേഹം ബഹദൂർഖാൻ എന്ന സ്ഥാനപ്പേരിലാണ് രാജ്യത്തെങ്ങും അറിയപ്പെട്ടിരുന്നത്. എന്റെ പിതാവിന്റെ രണ്ടു ഭാര്യമാരിൽ ആദ്യത്തേത് അദ്ദേഹത്തിന്റെ ഒരു അടുത്ത ചാർച്ചയിൽ പെട്ടവളായിരുന്നു. ആദ്യഭാര്യയിൽ അദ്ദേഹത്തിന് മൂന്നു പെൺമക്കൾ മാത്രം ഉണ്ടായിരുന്നു. ആൺമക്കൾ ഇല്ലാതിരുന്നതുകൊണ്ട് കുടുംബം നിലനിർത്തുന്നതിനുവേണ്ടി സയ്യിദ് മഹ്മൂദ് അഖായുടെ പുത്രിയെ വിവാഹം ചെയ്തു. അഫ്ഘാനിസ്ഥാനിലെ ഒരുന്നതവും പ്രസിദ്ധിയാർജ്ജിച്ചതുമായ കുടുംബാംഗമാണ് അഖ. ഞാനും എന്റെ ഇളയ സഹോദരൻ താജ് മുഹമ്മദ് ഖാനും ആ വിവാഹത്തിലെ ഫലങ്ങളാണ്. ഞാൻ 1881 – ൽ ജനിച്ചു.

അമീറിന്റെ കാലശേഷം അബ്ദുർ റഹ്മാൻ ഖാൻ റഷ്യയിൽ നിന്നു വന്ന് കാബൂളിൽ ഭരണാധികാരിയായി ത്തീർന്നു. അദ്ദേഹം ആ രാജ്യത്തിലെ പ്രമുഖരായ ആറു പേരെ അജ്ഞാതമായ ഒരു സ്ഥലത്തേയ്ക്കു നാടുകടത്തി. പിന്നീട് അവരെ വധിക്കുകയും ചെയ്തു. ആ ആറുപേരിൽ ഒരാൾ എന്റെ പിതാവായിരുന്നു. അതിനുശേഷം ഞങ്ങൾക്ക്

രണ്ടാമതൊരു അത്യാഹിതം സംഭവിച്ചു. രാഷ്ട്രീയ കാരണങ്ങളാൽ എന്റെ രണ്ടു മാതൃസഹോദരന്മാരെ കാബൂളിലെ കാരാഗൃഹത്തിലാക്കി. പിന്നീട് അവർ ഇന്ത്യയിലേയ്ക്കു നാടുകടത്തപ്പെട്ടു. അല്പകാലത്തിനുശേഷം എന്റെ മൂന്നാമത്തെ അമ്മാവൻ അദ്ദേഹത്തിന്റെ അമ്മയോടും വേലക്കാരോടുമൊപ്പം അമീറിന്റെ അനുവാദത്തോടെ ഇന്ത്യയിലേയ്ക്കു വന്നു. എന്റെ അടുത്ത ബന്ധുക്കളിൽ ശേഷിച്ചവർ അപ്പോഴും കാബൂളിൽ തന്നെ താമസിച്ചു.

അവർ ഇന്ത്യയിൽ വന്ന് ഹസൻ അബ്ദാലിൽ വാസമുറപ്പിച്ചു. തുടർന്നുള്ള രാഷ്ട്രീയ സമ്മർദ്ദത്താൽ ഞങ്ങളുടെ കുടുംബം മുഴുവൻ കാബൂൾ വിട്ടിട്ട് ഹസൻ അബ്ദാലിലേയ്ക്കു വന്നു. ചില മാസങ്ങൾക്കകം എന്റെ മാതാവ് ഇഹലോകവാസം വെടിഞ്ഞു. എന്റെ കുടുംബവും അമീർ അബ്ദർറഹ്മാൻ ഖാനും തമ്മിലുണ്ടായ ഒരു ഒത്തുതീർപ്പിന്റെ ഫലമായി എന്റെ മൂന്ന് അമ്മാവൻമാരും ഞാനും ഒഴിച്ചുള്ള എന്റെ എല്ലാ കുടുംബാംഗങ്ങളും സ്വദേശത്തേയ്ക്കു മടങ്ങിപ്പോയി.

അതിനുശേഷം ഞാൻ ദൽഹിയിലേയ്ക്കു പോയി. അറബി പഠനം പൂർത്തിയാക്കാൻ ഒരു ഉയർന്ന മതപഠന കേന്ദ്രമായ അൽ-മദ്രസത്തുൽ ഫത്തഹ്പുരിയിൽ ചേർന്നു. ആ സ്ക്കൂളിലെ പ്രഥമ മൌലവി നൌഷാറ ഡിസ്ട്രിക്ടിലെ ഒരു പത്താൻകാരനായ മൌലാന - അബ്ദുൾജലീലും രണ്ടാമത്തെ മൌലവി ഖന്തഹറിലെ ഫത്തേഹ് മുഹമ്മദ് ഖാനും ആയിരുന്നു. ഈ രണ്ടു പേരുടെയും പ്രത്യേക പരിഗണന കൊണ്ട് ഞാൻ തർക്കശാസ്ത്രപഠനം പൂർത്തിയാക്കുകയും ഹദീസും (ഇസ്ലാമിക പാരമ്പര്യങ്ങൾ) തഫ്സീറും പഠിക്കുന്നതിൽ വ്യാപൃതനാകുകയും ചെയ്തു. പകൽ സമയത്ത് ഞാൻ എന്റെ സഹപാഠികളോടൊപ്പം പഠിച്ചു. വൈകുന്നേരങ്ങളിൽ അബ്ദൽജലീൽ മൌലവിയുടെ പ്രത്യേക അദ്ധ്യയനവും ലഭിച്ചിരുന്നു. അങ്ങനെ ദൈവകൃപയാൽ ഞാൻ ഈ വിഷയങ്ങളിലെല്ലാം പ്രാവീണ്യം നേടി.

# ക്രിസ്ത്യാനികളോടുള്ള ആദ്യത്തെ ഏറ്റുമുട്ടൽ

ഒരു ദിവസം ചാന്ദനീചൌക്കിൽ നിന്ന് ചില സുഹൃത്തുക്കളുമായി ഞാൻ മടങ്ങുകയായിരുന്നു. ഞങ്ങളുടെ സ്ക്കൂളിൽ നിന്ന് അല്പം അകലെയായി ഒരു വലിയ കൂട്ടം ആളുകൾ കൂടിനിൽക്കുന്നത് ഞങ്ങൾ കണ്ടു. ആ സ്ഥലത്തെത്തിയപ്പോൾ ഞങ്ങൾ കണ്ടത് ഒരു ക്രിസ്തീയ പ്രസംഗകനും ഞങ്ങളുടെ സ്ക്കൂളിലെ ഒരു വിദ്യാർത്ഥിയും തമ്മിൽ ത്രിത്വ ഉപദേശത്തെപ്പറ്റി തർക്കിക്കുന്നതാണ്. പ്രാസംഗികൻ തന്റെ വാദത്തിന് ഉപോൽബലമായി താഴെ പറയുന്ന ഖുർ ആനിലെ വാക്യം ഉദ്ധരിച്ചു.

وَنَحْنُ أَقْرَبُ إِلَيْهِ مِنْ حَبْلِ الْوَرِيدِ ﴿١٦﴾ ق

(50 : 16)

"നാം അവന്റെ കണ്ഠരക്ത നാഡിയേക്കാൾ കൂടുതൽ അവനോടടുത്താണ് നിലകൊള്ളുന്നത്".

ഇവിടെ نَحْنُ "നഹ്നു" എന്ന ഉത്തമ പുരുഷ ബഹുവചനരൂപമാണ് ഉപയോഗിച്ചിരിക്കുന്നതെന്നും, ദൈവത്തിന്റെ ഏകത്വം, തികച്ചു ഏക സ്വഭാവമായിരുന്നെങ്കിൽ ഉത്തമ പുരുഷ ഏകവചനരൂപമായ "അന" ഉപയോഗിക്കേണ്ടിയിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. വിദ്യാർത്ഥിയുടെ വാദം വസ്തുതയ്ക്കു നിരക്കാത്തതായതുകൊണ്ട് പ്രസംഗകന്റെ വാദത്തിനു മറുപടി പറയാൻ സുഹൃത്തുക്കൾ എന്നെ നിർബന്ധിച്ചു. ഞാൻ മുമ്പോട്ടു വന്ന് "നഹ്നു" എന്ന ബഹുവചനരൂപം ബഹുമാനസൂചകമായ ഉപയോഗിക്കുന്നതാണെന്നും മറിച്ചു ബഹുവചനമായിട്ടല്ല എന്നും പറഞ്ഞു.

ഒരു ക്രിസ്ത്യാനിയെ വാദപ്രതിവാദത്തിൽ ഏറ്റുമുട്ടേണ്ടി വന്ന ആദ്യ സന്ദർഭമായിരുന്നു ഇത്. ക്രിസ്ത്യാനിക

ളോട് തർക്കിക്കുന്നതിനുള്ള ഒരു അതിയായ ആഗ്രഹം അന്നു മുതൽ എന്നിലുണ്ടായി. ആ, ആഗ്രഹം വിശുദ്ധ കാര്യങ്ങളിലുള്ള തീക്ഷ്ണതയിലും ആവേശത്തിലും അധിഷ്ഠിതമായിരുന്നു. അതിന്റെ ഫലമായി എന്റെ കഴിവനുസരിച്ച് ക്രിസ്തീയ മതത്തെ ഖണ്ഡിച്ച് എഴുതിയിട്ടുള്ള എണ്ണപ്പെട്ട പുസ്തകങ്ങൾ ശേഖരിക്കാൻ തുടങ്ങി. അനേകം പുസ്തകങ്ങൾ ശ്രദ്ധയോടെ പഠിക്കുകയും ചില നിശ്ചിത ദിവസങ്ങളിൽ ഫൌണ്ടനിൽ ചെന്ന് ക്രിസ്തീയ പ്രസംഗകരോട് ചർച്ച നടത്തുകയും ചെയ്തു പോന്നു.

ഒരു ദിവസം ആ പ്രാസംഗികരോടൊപ്പം വരാറുണ്ടായിരുന്ന ഇംഗ്ലീഷുകാരനായ പുരോഹിതൻ അദ്ദേഹത്തിന്റെ സന്ദർശന കാർഡ് (Visting Card) എനിക്കു തരികയും വീട്ടിലേക്ക് ക്ഷണിക്കുകയും ചെയ്തു. എന്റെ സുഹൃത്തുക്കളെ കൂടി കൂട്ടിക്കൊണ്ട് ചെല്ലണമെന്ന് അദ്ദേഹം സ്നേഹപൂർവ്വം പറഞ്ഞു. രണ്ടു മൂന്നുപേരോടൊപ്പം ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നു. ആ പുരോഹിതൻ വളരെ സ്നേഹത്തോടും വിനയത്തോടും കൂടി ഞങ്ങളോടു പെരുമാറി. ചായകുടിച്ചു കൊണ്ട് തന്നെ ഞങ്ങൾ മതകാര്യങ്ങളെ സംബന്ധിച്ചുള്ള രസകരമായ ചർച്ചയിൽ ഏർപ്പെട്ടു. അദ്ദേഹം ചോദിച്ചു: “നിങ്ങൾ വേദപുസ്തകം വായിക്കാറുണ്ടോ” “ഞാൻ എന്തിനു വായിക്കണം” ഞാൻ പറഞ്ഞു. “തിരുത്തിയതും, നിങ്ങൾ വർഷംതോറും മാറ്റികൊണ്ടിരിക്കുന്നതുമായ ഒരു പുസ്തകം ആർ വായിക്കും?” എന്റെ മറുപടി കേട്ടിട്ട് ദയനീയമായ ഒരു നോട്ടം അദ്ദേഹത്തിന്റെ മുഖത്തു പ്രത്യക്ഷപ്പെട്ടു. മന്ദസ്മിതത്തോടെ അദ്ദേഹം ചോദിച്ചു: “ക്രിസ്ത്യാനികളായ ഞങ്ങളെല്ലാവരും സത്യസന്ധതയില്ലാത്തവരാണെന്ന് നിങ്ങൾ കരുതുന്നുണ്ടൊ. വിശുദ്ധ തിരുവെഴുത്തുകളിൽ മാറ്റം വരുത്തി ലോകത്തെ മുഴുവൻ വഞ്ചിക്കത്തക്കവണ്ണം ഞങ്ങൾ അത്രയ്ക്കു തീരെ ദൈവഭയം ഇല്ലാത്തവരാണോ?” തൌറാത്തിലെയും ഇഞ്ചീലിലെയും ഉള്ളടക്കത്തെ മാറ്റിക്കൊണ്ടിരിക്കുന്നവരാണ് ക്രിസ്ത്യാനികൾ എന്ന് മുസ്ലീങ്ങൾ പറയു

മ്പോൾ അവർ കരുതുന്നത് എല്ലാ ക്രിസ്ത്യാനികളും സത്യസന്ധതയില്ലാത്തവരും ജനങ്ങളെ വഞ്ചിക്കുന്നവരു മാണെന്നാണ്. ഇത് അടിസ്ഥാനമില്ലാത്ത ആരോപണമാ ണ്. മുസ്ലീങ്ങൾ ഖുർ ആനെ ദൈവവചനമെന്ന് വിശ്വസി ക്കുന്നതുപോലെ ക്രിസ്ത്യാനികളും വേദപുസ്തകത്തെ ദൈവവചനമെന്നു വിശ്വസിക്കുന്നു. ഖുർ ആനിലെ ഉള്ള ടക്കത്തെ ഒരു മുസ്ലീമിന്ന് മാറ്റാൻ സാധിക്കാത്തതുപോലെ സർവ്വശക്തനായ ദൈവത്തിന്റെ പുസ്തകമായ വിശുദ്ധ വേദപുസ്തകത്തെ ക്രിസ്ത്യാനിക്കെങ്ങനെ മാറ്റാൻ സാധിക്കും? ഏതെങ്കിലും ഒരു തൊമ്മാടി, ഖുറാനിലെ ഏതെങ്കിലും ഒരു വാക്യത്തെ മാറ്റാൻ തക്കവിധം വിവര ക്കേട് കാണിച്ചാൽ എല്ലാ മുസ്ലീങ്ങളും അയാളെ അനി സ്ലാമായി കണക്കാക്കുകയും അയാളെ പറ്റിയുള്ള വസ്തു തകൾ പ്രസിദ്ധീകരിക്കുകയും ചെയ്യുകയില്ലേ. അതേ രീതി യിൽ ഏതെങ്കിലും ഒരു ക്രിസ്തീയ തെമ്മാടി വേദപു സ്തകത്തിലെ ഏതെങ്കിലും വാക്യത്തെ മാറ്റിയാൽ മറ്റെല്ലാ സത്യക്രിസ്ത്യാനികളും അയാളെ മതേതരനായി കണ ക്കാക്കുകയും അയാളെപ്പറ്റിയുള്ള വസ്തുതകൾ പ്രസി ദ്ധീകരിക്കുകയും ചെയ്യുകയില്ലേ. തീർച്ചയായും അങ്ങനെ ചെയ്യും. ഇതിൽ നിന്ന് ദൈവവചനം മാറ്റിയെഴുതിയെ ന്നുള്ള മുസ്ലീങ്ങളുടെ വാദം അടിസ്ഥാനരഹിതവും കഴ മ്പില്ലാത്തതുമെന്ന് വ്യക്തമാക്കുന്നു. ഞാൻ വിശ്വസിക്കു ന്നത് വേദപുസ്തകത്തെ പറ്റിയും ക്രിസ്തീയ വിശ്വാസ ഉപദേശങ്ങളെപ്പറ്റിയും അറിവില്ലാത്ത മുസ്ലീങ്ങളാണ് ഈ വാദം ഉന്നയിക്കുന്നതെന്നാണ്.

ആ പുരോഹിതൻ പേർഷ്യൻ ഭാഷയിലും അറബി ഭാഷയിലുമുള്ള രണ്ടുവേദപുസ്തകങ്ങൾ എനിക്ക് തന്നിട്ട് വായിക്കുവാൻ പറഞ്ഞു. നന്ദി പറഞ്ഞിട്ട് ഞങ്ങൾ യാത്ര യായി. വേദപുസ്തകം തന്ന പുരോഹിതന്റെ ലക്ഷ്യത്തി ലല്ലായിരുന്നു എന്റെ ശ്രദ്ധ. എന്റെ ലക്ഷ്യം വേദപുസ്ത കത്തിലെ തെറ്റുകുറ്റങ്ങൾ കണ്ടെത്തി ഇസ്ലാമിലെ സത്യ ങ്ങൾ തെളിയിക്കുകയും ക്രിസ്ത്യാനികളെ വാദത്തിൽ

നിശ്ശബ്ദരാക്കുകയുമായിരുന്നു. ഞാൻ വേദപുസ്തകത്തെ ആദ്യന്തം വായിച്ചില്ല എന്നു മാത്രമല്ല ക്രിസ്ത്യാനികളെ എതിർക്കുവാൻ വേണ്ടി മുസ്ലീങ്ങൾ ഉദ്ധരിക്കുന്ന ഭാഗങ്ങൾ മാത്രമാണ് വായിച്ചത്. ചുരുക്കത്തിൽ ഞാൻ ദൽഹിയിലായിരുന്ന കാലം മുഴുവൻ ക്രിസ്ത്യാനികളെ എതിർക്കുക എന്നത് എന്റെ ഒരു പ്രത്യേക തൊഴിലായിരുന്നു.

## *തുടർന്നുള്ള പഠനങ്ങൾ*

ഈ സന്ദർഭത്തിൽ ബോംബെയ്ക്കു പോകാൻ ഞാൻ തീരുമാനിച്ചു. അവിടെവെച്ചു മൌലവി ഹിദായത്തുള്ളയെ കണ്ടു മുട്ടാനുള്ള ഭാഗ്യമുണ്ടായി. ആ പ്രദേശത്തെ മതകാര്യങ്ങളിൽ ഉന്നതനും, ആധികാരികനും പണ്ഡിതനുമായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വീടു കാബൂളിലായിരുന്നതിനാൽ എന്റെ കുടുംബത്തെ അടുത്തറിയാമായിരുന്നു. ബോംബെയിൽ വച്ച് ഞങ്ങൾ പരസ്പരം അറിഞ്ഞ ഉടൻ എന്നെ അഭ്യസിപ്പിക്കാൻ അദ്ദേഹം സസന്തോഷം സമ്മതിച്ചു. എന്റെ സാധാരണ വിദ്യാഭ്യാസം പൂർത്തിയായെന്ന് അദ്ദേഹം കരുതുകയും സാഹിത്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്താൻ ഉപദേശിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മനോഹരമായ ഗ്രന്ഥാലയം ഉപയോഗിക്കുവാൻ എന്നെ അനുവദിച്ചു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ തന്നെ ഞാൻ പഠനവും തുടങ്ങി. മൌലവി തന്റെ ജീവിതത്തിലെ ഏറിയ കാലവും കോൺസ്റ്റാന്റിനോപ്പിൾ, ഈജിപ്ത്, അറേബ്യ എന്നീ സ്ഥലങ്ങളിൽ ആയിരുന്നതുകൊണ്ട് ഈ വിഷയത്തിൽ പ്രാമാണികനായിരുന്നു. അദ്ദേഹം എന്നെ പഠിപ്പിച്ചിരുന്നത് ഞങ്ങളുടെ രണ്ടുപേരുടെയും മാതൃഭാഷയായ പേർഷ്യൻ ഭാഷയിലായിരുന്നതിനാൽ എന്റെ കൃത്യനിർവ്വഹണം വളരെ ലഘൂകരിക്കാനിടയായി.

ആ സമയം തർക്കശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും സമർത്ഥനായ ഒരു പണ്ഡിതൻ ഈജിപ്തിൽ നിന്ന് വരികയും മദ്രസ-ഇ-സക്കരിയായിൽ പ്രൊഫസറായി നിയമിക്കപ്പെടുകയും ചെയ്തു. മൌലവി അബ്ദുൾ അഹദ് എന്നു

പേരുള്ള ഇദ്ദേഹം അഫ്ഘാനിസ്ഥാനിലെ ജലാലാബാദ് ഡിസ്ട്രിക്റ്റ്കാരനായിരുന്നു. ഞാൻ മദ്രസാ-ഇ-സക്കറിയായിൽ ചേർന്ന് തർക്കശാസ്ത്രത്തിലെയും തത്വശാസ്ത്രത്തിലെയും ഉയർന്ന ഗ്രന്ഥങ്ങൾ പഠിച്ചു. മൌലവി എന്നെ മകനെപ്പോലെ കരുതി, ഏതു സന്ദർഭത്തിലും അദ്ദേഹത്തെ സമീപിക്കത്തക്കവണ്ണം തന്റെ മുറിക്കടുത്തുതന്നെ താമസിക്കാൻ സൗകര്യപ്പെടുത്തുകയും ചെയ്തു.

## *ക്രിസ്ത്യാനികളുമായി തുടർന്നുള്ള വൈരുദ്ധ്യ വാദങ്ങൾ*

ഒരു ദിവസം നടക്കാൻ പോയ സമയത്തു ഞങ്ങളുടെ വിദ്യാലയത്തിലെ ചില വിദ്യാർത്ഥികൾ ദോബിതലാബിൽ എത്തി. അവിടെ ചില ക്രിസ്തീയ പ്രസംഗകർ ജനങ്ങളോടു സംസാരിക്കുന്നതുകണ്ടു. പെട്ടെന്ന് എന്റെ ദൽഹിയിലെ അനുഭവം ഓർമ്മയിൽ വരികയും അവരോടുള്ള എന്റെ പഴയ ശത്രുത തല പൊക്കുകയും ചെയ്തു. ആ പ്രസംഗകരുടെ അടുത്തേയ്ക്ക് നീങ്ങാൻ ഭാവിച്ചപ്പോൾ എന്റെ സഹപാഠി തടഞ്ഞുകൊണ്ടുപറഞ്ഞു: "മൌലവീ ഇവരെ കാര്യമാക്കേണ്ടതില്ല. അവരോടു തർക്കിക്കുന്നതു തന്നെ സമയനഷ്ടമാണ്. ഈ പാവങ്ങൾക്ക് ഒരു ചർച്ച നടത്താനോ, തർക്കനിയമങ്ങളോ അറിവില്ല. ഈ ജോലി ചെയ്യാൻ അവർക്കു കൂലി കിട്ടുന്നു. അവരുടെ ജോലി ചെയ്യുന്നു. അതുകൊണ്ട് അവരോട് തർക്കിച്ചിട്ട് ഒരു പ്രയോജനവുമില്ല". "ഈ ആളുകളെപ്പറ്റിയെല്ലാം എനിക്കറിയാം". ഞാൻ മറുപടി പറഞ്ഞു: അവർ തർക്ക രീതിയോ, നിയമങ്ങളോ അറിഞ്ഞില്ലെന്നു വരാം. പക്ഷേ അവർക്ക് ആളുകളെ വഴിതെറ്റിക്കാൻ നന്നായി അറിയാം. ഇവരുടെ ചതിവിലും ചൂഷണത്തിലും നിന്ന് ചിന്താശൂന്യരായ നമ്മുടെ മുസ്ലീം സഹോദരങ്ങളെ രക്ഷിക്കേണ്ടതു എല്ലാ സത്യ മുസ്ലീങ്ങളുടെയും കടമയാണ്. ഞാൻ മുമ്പോട്ടു പോയി അവർ പറഞ്ഞതിന് ധാരാളം എതിർപ്പുകൾ ഉന്നയിച്ചു. എന്റെ വാദങ്ങൾക്കെതിരായി അവരുടെ ധാരാളം എതിർപ്പുകൾ ഉന്നയിച്ചു.

ആ ചർച്ച സമയക്കുറവുകൊണ്ട് ചുരുക്കേണ്ടി വന്നു. ആ ഏറ്റുമുട്ടലിനെപ്പറ്റിയുള്ള വാർത്ത ഞങ്ങളുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികളിൽ പരന്നു. അവരും ഈ തർക്കത്തിലേർപ്പെടാനുള്ള ആവേശം പ്രകടിപ്പിച്ചു. ആഴ്ചയിൽ രണ്ടുപ്രാവശ്യം ക്രിസ്ത്യാനികളുമായുള്ള ചർച്ചയ്ക്കു പോയി. തൽഫലമായി രണ്ട് സി.എം.എസ്സ്. മിഷനറിമാർ അവരുടെ തലവനായ ജോസഫ് ബീഹാരിലാൽ മുഖേന ഞങ്ങളെ അവരുടെ വീട്ടിലേക്ക് ക്ഷണിച്ചു. ദോബിതലാബ് കൂടുതൽ ദൂരെയായതിനാൽ ഞങ്ങളുടെ സ്ക്കൂളിനടുത്തുതന്നെ ഒരു വായനശാല തുറക്കാമെന്നും ഞങ്ങളുടെ അന്വേഷണപഠനം ആഴ്ചയിൽ ഒരു ദിവസം ഇഷ്ടാനുസരണം അവിടെവച്ചു നടത്താമെന്നും അവർ വാഗ്ദാനം ചെയ്തു. ഇത് ഞാൻ നന്ദിയോടെ സമ്മതിച്ചു. അവർ വായനശാല തുറന്നപ്പോൾ ഞങ്ങൾ ഒരു നിശ്ചിത സമയം വച്ച് അവരെ സന്ദർശിച്ചിരുന്നു.

ആ വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്കും എന്റെ മറ്റു സ്നേഹിതന്മാർക്കും ക്രിസ്തീയ മതത്തെ സംബന്ധിച്ചു തീരെ അറിവില്ല എന്നും തർക്കത്തിൽ തീരെ പരിചയ ശൂന്യരാണെന്നും മനസ്സിലാക്കിയ ഞാൻ മൌലവി അബ്ബാസ്ഖാൻ സാഹിബിന്റെ ഉപദേശപ്രകാരം മറ്റൊരു വീട് വാടകയ്ക്കെടുത്തു. "നദ്‌വത്തുൽ മുതകല്ലിമീൻ" എന്നൊരു സമിതി രൂപീകരിച്ചു. ഇസ്ലാമല്ലാത്ത എല്ലാ മതങ്ങൾക്കുമെതിരായി പ്രത്യേകിച്ചും ക്രിസ്തീയ മതത്തിനെതിരായി വാദിക്കുന്നവരെ തയ്യാറാക്കിയെടുക്കുകയായിരുന്നു ആ സമിതിയുടെ ഉദ്ദേശ്യം.

ഞാൻ എപ്പോഴും തർക്കത്തിൽ ഏർപ്പെട്ടിരിക്കുന്നതും ജീവിതത്തിൽ മറ്റൊരു താല്പര്യവുമില്ലെന്നുള്ളതും മനസ്സിലാക്കിയ അദ്ധ്യാപകൻ ഒരു ദിവസം മഗ്രീബ് നിസ്ക്കാരത്തിനുശേഷം എന്റെ മുറിയിൽ വന്നു. ആ സമയം ഞാൻ ഇഞ്ചീൽ വായിക്കുകയായിരുന്നു. എന്താണ് വായിക്കുന്നതെന്ന് അദ്ദേഹം ചോദിച്ചതിന് ഇഞ്ചീൽ എന്നു ഞാൻ മറുപടി പറഞ്ഞു. അദ്ദേഹം കോപാവേശത്തോടെ പറഞ്ഞു: "നീയൊരു ക്രിസ്ത്യാനിയായേക്കുമോ എന്നു ഞാൻ ഭയ

പ്പെടുന്നു.'' അദ്ദേഹത്തിന്റെ വാക്കുകൾ എന്നെ പ്രകോപിപ്പിച്ചു. ബഹുമാനശൂന്യനാകരുതെന്ന് ആഗ്രഹിച്ചുവെങ്കിലും എനിക്കങ്ങനെ പറയാതിരിക്കാൻ കഴിഞ്ഞില്ല. ''ഞാൻ എന്തിന് ക്രിസ്ത്യാനിയാകണം, ഇഞ്ചീൽ വായിച്ചതുകൊണ്ടുമാത്രം ഓരാൾ ക്രിസ്ത്യാനിയാകുമോ? ക്രിസ്തീയ മതത്തിന്റെ വേരും കൊമ്പും നശിപ്പിക്കാനാണ് ഞാൻ വായിക്കുന്നത്, അല്ലാതെ ഞാൻ ക്രിസ്ത്യാനിയാകാനല്ല ഇക്കാര്യത്തിൽ എന്നെ കുറ്റപ്പെടുത്താതെ സഹായിക്കുകയാണ് അങ്ങു ചെയ്യേണ്ടത്.'' അദ്ദേഹം മറുപടിയായി പറഞ്ഞു: ''ഞാൻ ഇതു പറഞ്ഞത് ഇഞ്ചീൽ വായിക്കുന്നവനൊക്കെ ക്രിസ്ത്യാനിയാകുമെന്ന് ഞാൻ കേട്ടിട്ടുള്ളതുകൊണ്ടാണ്. ഒരു കവി ഇങ്ങനെ പാടിയിട്ടുള്ളത് നീ കേട്ടിട്ടില്ലേ. ഇഞ്ചീൽ വായിക്കുമ്പോൾ വിശ്വാസിയുടെ ഹൃദയം ഇസ്ലാമിൽ നിന്ന് മാറിപ്പോകുന്നു''. ഞാൻ മറുപടി പറഞ്ഞു: ''ഈ അറിവു തെറ്റാണ്''. തുടർന്ന് എന്നെ ഉപദേശിച്ചശേഷം മൌലവി തന്റെ മുറിയിലേക്ക് മടങ്ങി.

## ഹജ്ജ് യാത്രയും തിരിച്ചുവരവും

ഈ രസകരമായ വൈരാഗ്യം ചില വർഷങ്ങൾ തുടർന്നു. മെക്കയിലേക്ക് ഹജ്ജിനു പോകണമെന്ന ആഗ്രഹം പെട്ടെന്നെന്നിലുണ്ടായി. പെട്ടെന്നു വേണ്ടത്ര തയ്യാറെടുപ്പു നടത്തി ഷാഹ് - ഇ - നൂർ എന്ന കപ്പലിൽ ജിദ്ദായിലേക്കും അവിടെനിന്നും മെക്കയിലേക്കും യാത്രയായി. മെക്കയിൽ നിന്ന് ''കഷ്ഫുൽ - ഹഖായിഖ്'' പത്രാധിപരായ മൌലവി ഹസാമുദ്ദീനുമായി കത്തിടപാടുകൾ നടത്തി. ഹജ്ജ് ദിവസം ഹജ്ജ് വസ്ത്രം ധരിച്ച് അരഫാത്തിലേക്ക് യാത്രയായി. ആ ദിവസം ഞാൻ ആശ്ചര്യകരമായ ഒരു കാഴ്ചയാണ് കണ്ടത്. ധനികരും, പാവപ്പെട്ടവരും, ഉന്നതരും, താണവരും എല്ലാം ഒരേ വെളുത്ത വസ്ത്രം ധരിച്ച് കാണപ്പെട്ടു. എല്ലാ മരിച്ചവരും ഖബറുകളിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് വെള്ളവസ്ത്രം ധരിച്ച് അവരുടെ കണക്കുകൾ ബോധിപ്പിക്കാനെത്തിയ തോന്നലാണെനിക്കുണ്ടായത്. ആ കാഴ്ച എന്റെ കണ്ണുകളെ

നിറച്ചു. അതെ സമയംഒരു ചിന്ത എന്നെ അലട്ടി "ഇസ്ലാം യഥാർത്ഥ മതമല്ലെങ്കിൽ ഉയിർപ്പിന്റെ ദിനത്തിൽ എന്റെ അവസ്ഥ എന്തായിരിക്കും". ഞാൻ അപ്പോൾ അവിടെവച്ച് പ്രർത്ഥിച്ചു. "ദൈവമെ എന്നെ ശരിയായ മതവും അവിടുത്തെ ശരിയായ മാർഗ്ഗവും കാണിച്ചുതരേണമെ. ഇസ്ലാമാണ് ശരിയായ മതമെങ്കിൽ അതിലെന്നെ ഉറപ്പിക്കണമെ. ഇസ്ലാമിന്റെ ശത്രുക്കളെ നിശ്ശബ്ദരാക്കാനുള്ള കൃപ എനിക്കു തരേണമെ. ക്രിസ്തീയ മാർഗ്ഗമാണ് ശരിയെങ്കിൽ അതിന്റെ സത്യം എനിക്ക് വെളിപ്പെടുത്തേണമെ! ആമീൻ".

മദീനയിലെ ചെറു സന്ദർശനങ്ങൾ കഴിഞ്ഞ് ഞാൻ ബോംബെയ്ക്കു മടങ്ങി. എന്റെ അഭാവത്തിൽ "നദ്വത്തുൽ മുതകല്ലിമീൻ" പിരിച്ചു വിട്ടിരുന്നു. ഞാൻ മടങ്ങിയ ഉടൻ ആ സ്ഥാനത്ത് മറ്റൊരു സൊസൈറ്റി സംഘടിപ്പിച്ചു. ഞാൻ അതിന്റെ പ്രസിഡണ്ടും അബദുർറഊഫ് അതിന്റെ സെക്രട്ടറിയുമായി. ഗ്രാന്റ് റോഡിനടുത്തുള്ള അയാളുടെ വീട്ടിൽ സംഘടനയുടെ യോഗങ്ങൾ ചേർന്നു. ഞങ്ങളുടെ ഒരു നിയമം ആഴ്ചയിലൊരിക്കൽ ഒരു അമുസ്ലിമിനെ ക്ഷണിച്ചു പ്രസംഗിപ്പിക്കണമെന്നും ഞങ്ങളിൽ ഒരാൾ അദ്ദേഹത്തിന്റെ വാദങ്ങൾക്ക് മറുപടി പറയണമെന്നുമാണ്. മുൻഷി മൻസൂർ മസീഹ് ക്രിസ്ത്യാനികൾക്കു വേണ്ടി സംസാരിക്കാൻ പതിവായി വരാറുണ്ടായിരുന്നു. മറ്റുള്ളവർ ആര്യസമാജത്തിനുവേണ്ടി സംസാരിക്കാനും വന്നിരുന്നു.

## അതിപ്രധാനമായ കാര്യം

ഒരു ദിവസം മുൻഷി മൻസൂർ മസിഹ് ഇസ്ലാമിൽ രക്ഷ ഇല്ല എന്ന് വളരെ സുവ്യക്തമായി സംസാരിച്ചു. സൊസൈറ്റിയിലെ അംഗങ്ങൾ എന്നോട് മറുപടി പറയാൻ പറഞ്ഞു. എന്റെ കഴിവിന്റെ പരമാവധി ഉപയോഗിച്ച് ഇസ്ലാമിൽ പൂർണ്ണവും വ്യക്തവുമായ രക്ഷ ഉണ്ട് എന്ന് തെളിയിക്കാൻ ശ്രമിച്ചു. ശ്രോതാക്കൾ എന്റെ പ്രസംഗത്തെ അഭിനന്ദിച്ചു. എന്നാൽ എന്റെ വാദഗതികൾ എന്റെ അന്ത:കരണത്തെ തന്നെ ബോധ്യപ്പെടാത്ത തക്ക തരത്തി

ലായിരുന്നില്ല എന്നു എനിക്കറിയാമായിരുന്നു. ഞാൻ സംസാരിച്ചപ്പോൾ വാസ്തവത്തിൽ എന്റെ നിലപാടിന്റെ ബലഹീനത സമ്മതിക്കേണ്ടി വന്നു. എന്റെ പ്രതിയോഗി യേക്കാൾ വളരെയധികം ഉറക്കെ ഞാൻ ശബ്ദിച്ചുവെ ങ്കിലും അദ്ദേഹത്തിന്റെ ശബ്ദം ശക്തിമത്തായി എന്റെ ആത്മാവിൽ മുഴങ്ങുന്നുണ്ടായിരുന്നു.

രാത്രി പതിനൊന്നുമണിയോടുകൂടി ആ ചർച്ച അവസാനിച്ചു. ഞാൻ വീട്ടിലേക്കു മടങ്ങി. മുൻഷി മൻസൂർ മസീഹ് പറഞ്ഞതിനെപ്പറ്റി ശ്രദ്ധയോടെ ചിന്തിക്കാൻ തുട ങ്ങി. കൂടുതൽ ആലോചിക്കുന്തോറും അതു കൂടുതൽ വ്യക്തമായി. മതത്തിന്റെ ജീവശ്വാസവും അടിസ്ഥാനവും രക്ഷയാണ്. അതില്ലാത്ത മതം ഒരു മതമേയല്ല.

കൂടാതെ മനുഷ്യൻ അവന്റെ പേരു സൂചിപ്പിക്കുന്ന പോലെ തന്നെ മറവിയുടെയും, അനുസരണമില്ലായ്മയുടെ യും, അതിക്രമങ്ങളുടെയും സമാഹാരമാണെന്ന് ഞാൻ കരു തി. പാപപങ്കിലമാകാതെ പൂർണ്ണമായി പരിശുദ്ധാവസ്ഥയിൽ അവന്റെ ജീവീതം ഒരിക്കലും ആയിരിക്കുന്നില്ല. പാപം മനു ഷ്യന്റെ രണ്ടാമതു സ്വഭാവമായിതീർന്നിട്ടുണ്ട്. “തെറ്റു ചെയ്യു ന്നതു മാനുഷികമാണ്” എന്നതു സത്യസന്ധമായ പ്രസ്താ വനയാണ്. എന്നാൽ ചോദ്യമിതാണ്: ഒരാൾ കണക്ക് ബോധി പ്പിക്കുന്നതിൽ നിന്നും ശിക്ഷയിൽ നിന്നും എങ്ങനെ രക്ഷ പ്പെടും? ഇസ്ലാമിന് ഇതിന് പറയാനുള്ളതെന്താണ്. ക്രിസ്തീ യമാർഗ്ഗത്തിന്റെ ദൂത് എന്താണ്? ഈ സുപ്രധാന സംഗതിയെ സത്യസന്ധമായും മുൻവിധി കൂടാതെയും പരിശോധിക്കേ ണ്ടത് എന്റെ കടമയാണ്. ആ രക്ഷ ഇസ്ലാമിലൂടെ പ്രാപിക്കാ മെങ്കിൽ ഞാൻ തീർച്ചയായും ദൈവത്തിന് നന്ദി പറയും. എന്റെ കണ്ണുകൾ എത്ര തിളക്കമുള്ളതും എന്റെ ഹൃദയം എത്ര ആനന്ദപൂർണ്ണവുമായിരിക്കും! അല്ലാത്തപക്ഷം രക്ഷ യുടെ തൃപ്തികരമായ പദ്ധതി തരുന്ന ഒരു മാർഗ്ഗത്തെ ഞാൻ അന്വേഷിക്കണം. ഈ തീരുമാനത്തിൽ എത്തിയപ്പോൾ ഞാൻ ദൈവമുമ്പാകെ മുട്ടുമടക്കി പ്രാർത്ഥിച്ചു. ദു:ഖത്തോടെ കരഞ്ഞു. ഞാൻ തെറ്റു കണ്ടുപിടിക്കാനായി ഇനി വേദപു

സ്തകം വായിക്കയില്ലെന്ന് പ്രതിജ്ഞയെടുത്തു. ഒരു അരിഷ്ട പാപിയായ ഞാൻ അതിൽ രക്ഷയുടെ മാർഗ്ഗം കണ്ടെത്താൻ വേണ്ടി വായിക്കും.

## രക്ഷയ്ക്കായുള്ള എന്റെ അന്വേഷണം

ആ ദിവസം മുതൽ എന്റെ സമീപന രീതിയിൽ ഒരു വ്യതിയാനമുണ്ടായി. ഒരു സത്യാന്വേഷി എന്ന നിലയിൽ വേദപുസ്തകം വായിക്കുവാനും, ഖുർ–ആനുമായി താരതമ്യപ്പെടുത്തുവാനും തുടങ്ങി. തുടർന്നുള്ള എന്റെ ഹൃദയസമാധാനത്തിനുവേണ്ടി ഒരു പാർസി സ്നേഹിതനിൽ നിന്ന് "അവസ്ഥാ"യുടെ ഒരു കോപ്പി കടം വാങ്ങി. "സത്യപ്രകാശ്" എന്ന പുസ്തകം വിലയ്ക്കും വാങ്ങി. ഞാൻ ഈ പുസ്തകങ്ങളെ താരതമ്യം ചെയ്യാൻ തുടങ്ങി. "അവസ്ഥാ" ശ്രദ്ധയോടെ വായിക്കുകയും, പേർഷ്യൻ പണ്ഡിതന്മാരോട് സംസാരിക്കയും ചെയ്തശേഷം, അതിലെ രക്ഷാമാർഗ്ഗത്തെപ്പറ്റി ഞാൻ കൂടുതൽ നിരാശയുള്ളവനായിത്തിർന്നു. കാരണം, ആ മതത്തിൽ ശരിയായ ഒരു രക്ഷാമാർഗ്ഗം വ്യക്തമാക്കിയിട്ടില്ല എന്നതുതന്നെ.

ദയാനന്ദ സരസ്വതി എഴുതിയ "സത്യപ്രകാശ്" എന്ന ഗ്രന്ഥ പഠനത്തിലേക്കായി എന്റെ ശ്രദ്ധ. ആര്യസമാജത്തിന്റെ തത്വശാസ്ത്രം വ്യക്തമാക്കുന്ന ആധികാരികഗ്രന്ഥമായാണ് അത് കരുതപ്പെടുന്നത്. ഞാൻ അന്വേഷിച്ചതിനെ എനിക്ക് അതിൽ കണ്ടെത്താമെന്നുള്ള ആഗ്രഹത്തോടെയാണ് ഞാൻ അതു വായിച്ചത്. എന്നാൽ അതിനു വിപരീതമായി, എന്നെ ആശ്ചര്യപരതന്ത്രനാക്കിയ അസാധാരണ തത്വശാസ്ത്രമാണ് അതിൽ കണ്ടെത്തിയത്. ദൈവത്തിന് പാപങ്ങളെ മോചിക്കുവാൻ സാധ്യമല്ലെന്ന് അതിൽ വായിച്ചു. ഇതിൽ ആശ്ചര്യപ്പെടുകയും, രക്ഷ ലഭിക്കുമെന്നള്ള ആഗ്രഹത്തിൽ ആര്യസമാജത്തിൽ ചേരുന്നതുകൊണ്ട് ആർക്കും ഒരു ഗുണവും ഉണ്ടാകുകയില്ല എന്നുള്ള തീരുമാനത്തിലെത്തുകയും ചെയ്തു. ആര്യസമാജസിദ്ധാന്തം അനുസരിച്ച് ദൈവത്തിന് ഒരു മനുഷ്യന്റെ പാപം – അതു ആര്യസമാജത്തിൽ ചേരുന്ന

തിന് മുൻപോ, പിൻപോ ഉള്ളതായാലും – ക്ഷമിക്കാൻ സാധ്യമല്ല. അതുകൊണ്ട് ശിക്ഷയിൽ നിന്ന് ഒഴിയാനും സാദ്ധ്യമല്ല.

കൂടാതെ ആര്യസമാജം രക്ഷ നിത്യമാണെന്ന് കരുതുന്നില്ല എന്നും ഞാൻ കണ്ടെത്തി. ആര്യസമാജത്തിൽ രക്ഷയില്ല എന്ന് എനിക്കു വ്യക്തമായി. കൂടാതെ ഏതെങ്കിലും രീതിയിൽ രക്ഷ കിട്ടിയാലും അത് നിത്യമായിരിക്കുകയില്ല. രക്ഷ താൽക്കാലികമാണ് എന്നതിനാൽ തുടർന്നുള്ള സന്തോഷം ഏതു സമയവും നിഷേധിക്കപ്പെടാം എന്ന് ഏതൊരാളും ഭയന്നു കഴിയേണ്ടി വരികയില്ലേ. ഞാൻ ഈ വസ്തുത മനസ്സിലാക്കുകയും, എന്നെപ്പോലൊരു പാപിയായ മനുഷ്യന് ഇവിടെ യാതൊരു രക്ഷയും ഇല്ലയെന്നു കാണുകയും ചെയ്തപ്പോൾ "സത്യപ്രകാശ"ത്തെക്കുറിച്ചുള്ള പഠനം ഞാൻ നിർത്തി.

എന്നെ അഭിമുഖീകരിച്ച ഏറ്റവും ഭാരമേറിയ പ്രശ്നം ഖുർ – ആനിനെയും വിശ്വസനീയമായ ഇസ്ലാം പാരമ്പര്യങ്ങളെയും പരിശോധിക്കുക എന്നുള്ളതായിരുന്നു. ഈ ഗ്രന്ഥങ്ങളിൽ രക്ഷയുടെ മാർഗ്ഗത്തെക്കുറിച്ചുള്ള അന്വേഷണം ആരംഭിക്കുന്നതിനു മുമ്പ് ദൈവസന്നിധിയിൽ കരങ്ങൾ ഉയർത്തി പ്രാർത്ഥിച്ചു: ദൈവമേ ഞാൻ ഒരു മുസ്ലീം ആയി ജനിക്കുകയും ഇപ്പോൾ മുസ്ലീം ആയിരിക്കുകയും ചെയ്യുന്നത് അവിടുന്ന് അറിയുന്നു. എന്റെ മുൻഗാമികൾ തലമുറ തലമുറയായി ഈ മതത്തിൽ ജനിക്കുകയും മരിക്കുകയും ചെയ്തുവല്ലോ. ഞാനും അതിൽ എന്റെ വിദ്യാഭ്യാസം നടത്തി അതിൽ ഞാൻ വളർത്തപ്പെട്ടു. അതുകൊണ്ട് അവിടുത്തെ സത്യമാർഗ്ഗം കണ്ടെത്തുന്നതിനുള്ള എല്ലാ തടസ്സങ്ങളും മാറ്റിത്തരണമേ. അവിടുത്തെ രക്ഷ എനിക്കു കാണിച്ചുതരേണമേ. ഈ നശ്വര ലോകത്തെ വിട്ടു ഞാൻ പോകുമ്പോൾ അവിടുത്തേക്ക് ഞാൻ അനിഷ്ടനായിരിക്കരുതേ. ആമീൻ!!

ഞാൻ നേരത്തെ അറിഞ്ഞിരുന്നതു തന്നെയാണ് ഖുർ – ആൻ പഠനത്തിൽ ഞാൻ കണ്ടെത്തിയത്. അതായത്, രക്ഷ പ്രാപിക്കുന്നത് നല്ല പ്രവർത്തികൾ ചെയ്യുന്നതിനടിസ്ഥാനമാക്കിയാണ്. ഈ വസ്തുത വ്യക്തമാക്കുന്ന

അനേകം വാക്യങ്ങൾ ഞാൻ കണ്ടെത്തി. അവയിൽ രണ്ടെണ്ണം മാത്രം ഞാൻ ഇവിടെ ഉദ്ധരിക്കുന്നു.

أَمَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ فَلَهُمْ
جَنَّاتُ الْمَأْوَىٰ نُزُلًا بِمَا كَانُوا يَعْمَلُونَ ﴿١٩﴾
وَأَمَّا الَّذِينَ فَسَقُوا فَمَأْوَاهُمُ النَّارُ ۖ كُلَّمَا أَرَادُوا
أَن يَخْرُجُوا مِنْهَا أُعِيدُوا فِيهَا وَقِيلَ لَهُمْ ذُوقُوا
عَذَابَ النَّارِ الَّذِي كُنتُم بِهِ تُكَذِّبُونَ ﴿٢٠﴾

32:19, 20

എന്നാൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തവരാണെങ്കിൽ അവർക്കു നിവാസോദ്യാനങ്ങൾ ഉണ്ട്. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിന് മുന്നൊരുക്കം ചെയ്യപ്പെട്ട അതിഥി സൽക്കാര വിഭവമായിരിക്കും അത്. എന്നാൽ ദുർമ്മാർഗ്ഗികൾക്കാകട്ടെ അവരുടെ പാർപ്പിടം നരകമാണ്. അതിൽ നിന്നു പുറത്തു ചാടുവാൻ അവർ ഉദ്ദേശിക്കുമ്പോഴെല്ലാം അതിലേക്ക് തന്നെ അവരെ തിരിച്ചുവിടുന്നതും നിങ്ങൾ നിഷേധിച്ചിരുന്ന നരക ശിക്ഷയെ നിങ്ങൾ ആസ്വദിപ്പിൻ എന്ന് അവരോട് പറയപ്പെടുന്നതുമാണ്.

فَمَن يَعْمَلْ مِثْقَالَ ذَرَّةٍ
خَيْرًا يَرَهُ ﴿٧﴾ وَمَن يَعْمَلْ مِثْقَالَ ذَرَّةٍ شَرًّا يَرَهُ ﴿٨﴾
الزلزال

99: 7, 8

എന്നിട്ടു വല്ലവനും ഒരണുതൂക്കം നന്മ ചെയ്തിട്ടുണ്ടെങ്കിൽ അവൻ അതു കാണും. ഒരണുതൂക്കം തിൻമ വല്ലവനും ചെയ്തിട്ടുണ്ടെങ്കിൽ അതിനെ അവനും കാണും.

ഒറ്റ നോട്ടത്തിൽ ഈ വാക്യങ്ങൾ വളരെ സുന്ദരവും ആശ്വാസപ്രദവുമാണ്. എന്നാൽ അവ എന്റെ മനസ്സിൽ ചോദ്യം ഉയർത്തി. തിന്മ ചെയ്യാതെ നന്മ മാത്രം ചെയ്യാൻ നമുക്കു സാധിക്കുമോ! മനുഷ്യനു അങ്ങനെയൊരു കഴിവുണ്ടോ? ഇക്കാര്യം ഞാൻ സൂക്ഷ്മമായി പരിശോധിച്ചു. അതേ സമയം മനുഷ്യന്റെ കഴിവുകളും മോഹവികാരങ്ങളും കണക്കിലെടുക്കുകയും ചെയ്തപ്പോൾ മനുഷ്യനു പാപമില്ലാതിരിപ്പാൻ സാദ്ധ്യമല്ലെന്നെനിക്കു വ്യക്തമായി. നന്മ, നന്മ മാത്രം ചെയ്തുകൊണ്ടിരുപ്പാൻ മനുഷ്യനു കഴിവില്ല തന്നെ.

അറേബ്യായിലെ സൻമാർഗ്ഗ തത്വജ്ഞാനികൾ മനുഷ്യന് അവന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന നാലു ഗുണങ്ങൾ ഉണ്ടെന്നവകാശപ്പെടുന്നു. ഇവയിൽ മൂന്ന് ശക്തമായ ഗുണങ്ങൾ മനുഷ്യന്റെ ആത്മീക താല്പര്യങ്ങൾക്ക് എതിരായി പ്രവർത്തിക്കുന്നു. ഒരേ ഒരു ആത്മീക ഗുണം മാത്രമാണ് മനുഷ്യനെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുകയും ദൈവകല്പനകളെ അനുസരിക്കാൻ സഹായിക്കുകയും ചെയ്യുന്നത്. പക്ഷെ അതിന്റെ ഫലങ്ങൾ മനുഷ്യന്റെ കാഴ്ചയിൽ നിന്ന് മറഞ്ഞിരിക്കയാണ്. മറുവശത്ത് മറ്റു മൂന്ന് ഗുണങ്ങളുടെയും സംയുക്ത ബലം ആണ് ഒന്നിച്ചു നിൽക്കുന്നത്. അവയുടെ ഫലങ്ങൾ അപ്പോൾ തന്നെ മനുഷ്യനെ ആനന്ദിപ്പിക്കുകയും മനുഷ്യന്റെ പ്രവർത്തനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നുവെന്നുള്ളതു സത്യമാണ്. മനുഷ്യന്റെ മനസ്സ് ഉപരിതലത്തിലുള്ളവ മാത്രം കാണുകയും വർത്തമാനകാലത്തെക്കുറിച്ചുമാത്രം ചിന്തിക്കുകയും, ലോകകാര്യങ്ങളിൽ മാത്രം ശ്രദ്ധിക്കുകയും ചെയ്യുന്നതുകൊണ്ട് മനുഷ്യൻ ആത്മാവിന്റെയും ദൈവത്തിന്റെയും കാര്യങ്ങളെക്കുറിച്ച് അശ്രദ്ധനായിത്തീരുന്നു. ഒരു ശ്രേഷ്ഠനായ മുസ്ലീം ഇക്കാര്യം ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു. ഞാൻ നാലു കാര്യങ്ങളിൽ കുടുങ്ങിയിരിക്കുന്നു. അവയുടെ ഞെരുക്കം എന്റെ എല്ലാ

ദു:ഖങ്ങൾക്കും കഷ്ടതകൾക്കും കാരണമായിരിക്കുന്നു. ഈ നാലു കാര്യങ്ങൾ സാത്താൻ, ലോകം കാമം, മോഹം എന്നിവയാണ്. അവയെല്ലാം എന്റെ ശത്രുക്കളായിരിക്കുമ്പോൾ ഞാൻ ഇവയിൽനിന്ന് എങ്ങനെ സ്വാതന്ത്ര്യനാകും. ദുരാഗ്രഹങ്ങൾ എന്നെ പിന്തുടരുകയും എന്നെ കാമത്തിന്റെയും ഭോഗത്തിന്റെയും ഇരുളറകളിലേക്ക് എറിയുകയും ചെയ്യുന്നു. മൂന്നു ഗുണങ്ങൾ ആത്മീകഗുണത്തെ കീഴടക്കുകയും ദൈവം നിരോധിച്ചതിനെ ആദാം ചെയ്യുകയും ചെയ്തു. അതിന്റെ അനന്തരഫലം പിൻതലമുറകളുടെ പൈതൃക സ്വത്തായിത്തീരുകയും ഇന്നെയോളം തുടരുകയും ചെയ്യുന്നുവെന്ന് ഹദീസ് പറയുന്നു.

ദൈവത്തിന്റെ അപ്പോസ്തലൻ പ്രസ്താവിച്ചതായി അബുഹൂറൈറ പറയുന്നു: ദൈവം ആദാമിനെസൃഷ്ടിച്ചപ്പോൾ ദൈവം ആദാമിന്റെ പുറത്ത് തട്ടുകയും അയാളുടെ പുറകിൽ നിന്ന് ഉയിർത്തെഴുന്നേൽപ്പു ദിവസം വരെ സൃഷ്ടിക്കപ്പെടാനിരിക്കുന്ന പിൻഗാമികൾ ഉതിർന്നുവീഴുകയും ചെയ്തു. ദൈവം ഓരോ മനുഷ്യന്റെയും കണ്ണുകളിൽ ഒരു വെളിച്ചം വെയ്ക്കുകയും ചെയ്തു. അതിനുശേഷം അവരെ ആദാമിന്റെ അടുക്കൽ കൊണ്ടുവന്നു. ആദാം ചോദിച്ചു: "എന്റെ ദൈവമെ, ഇവർ ആരാണ്?" ദൈവം ഉത്തരം പറഞ്ഞു: "അവർ നിന്റെ പിൻഗാമികളാണ്." ആ മനുഷ്യരിൽ ഒരാളുടെ കണ്ണുകളിലെ പ്രകാശം ആദാമിൽ ആശ്ചര്യം ഉളവാക്കി ആദാം പറഞ്ഞു: ദൈവമേ, ഇതാരാണ്? ദൈവം മറുപടി പറഞ്ഞു: "ദാവീദ്." ആദാം ചോദിച്ചു: ദൈവമെ അവിടുന്നു ആദ്ദേഹത്തിന്റെ ആയുസ്സു എത്രയാണ് നിശ്ചയിച്ചിരിക്കുന്നത്? അറുപതു വർഷം ദൈവം മറുപടി പറഞ്ഞു. ആദാം പറഞ്ഞു. ദൈവമെ എന്റെ ആയുസ്സിൽ നിന്ന് 40 വർഷം കൂടി അദ്ദേഹത്തിന് കൂട്ടികൊടുക്കണമേ. ദൈവത്തിന്റെ അപ്പോസ്തലൻ പറഞ്ഞു: ആദാമിന്റെ ആയുഷ്കാലത്തിൽ 40 വർഷം ബാക്കിയുള്ളപ്പോൾ മരണദൂതൻ ആദാമിന്റെ അടുക്കൽ വന്നു. ആദാം ചോദിച്ചു: എന്റെ ആയുസ്സിൽ ഇനിയും 40 വർഷം അവശേഷിക്കുന്നില്ലേ. ദൂതൻ പറഞ്ഞു: നിന്റെ പുത്രനായ ദാവീദിന് നീ അത്രയും ആയുസ്സ് കൊടുത്തില്ലേ.

ആദാം അതു നിഷേധിച്ചു. ആദാമിന്റെ പിൻഗാമികളും നിഷേധിച്ചു. ആദാം അതു മറന്നു വൃക്ഷത്തിന്റെ ഫലം തിന്നു. ആദാമിന്റെ പിൻഗാമികളും മറന്നു. ആദാം പാപം ചെയ്തു. പിൻഗാമികളും പാപം ചെയ്തു (തീർമിഥി)

ഈ പാരമ്പര്യം വ്യക്തമാക്കുന്നത് ആദാമിന്റെ മക്കളെല്ലാം തീർച്ചയായും പാപികളാണെന്നാണ്. കാരണം ആദാമിന്റെ പാപം എല്ലാവരിലേക്കും കടന്നു. അപ്രകാരം പ്രസിദ്ധരായ വിശുദ്ധന്മാരും മതനേതാക്കന്മാരും അവരുടെ പാപങ്ങൾ ഏറ്റുപറഞ്ഞിട്ടുണ്ട്. അപ്രകാരം തന്നെ ആദ്യപ്രവാചകനായ ആദാമും മാതാവ് ഹവ്വയും പറഞ്ഞു:

قَالَا رَبَّنَا ظَلَمْنَا أَنفُسَنَا وَإِن لَّمْ
تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ الْخَاسِرِينَ ﴿٢٣﴾ [الأعراف]

അവർ പറഞ്ഞു: ഞങ്ങളുടെ നാഥാ, ഞങ്ങൾ ഞങ്ങളെ തന്നെ ദ്രോഹിച്ചുപോയിരിക്കുന്നു. നീ ഞങ്ങൾക്കു പൊറുത്തുതരികയും ഞങ്ങളോട് കരുണ കാണിക്കയും ചെയ്യുന്നില്ലെങ്കിൽ ഞങ്ങൾ നഷ്ടം അനുഭവിക്കുന്നവരിൽ പെട്ടുപോകും (ഖുറാൻ 7:23)

ഇബ്രാഹിം പ്രവാചകനും അപ്രകാരം തന്നെ പറഞ്ഞു.

رَبَّنَا اغْفِرْ لِي وَلِوَالِدَيَّ وَلِلْمُؤْمِنِينَ يَوْمَ
يَقُومُ الْحِسَابُ ﴿٤١﴾ [إبراهيم]

ഞങ്ങളുടെ രക്ഷിതാവേ, കണക്കുനോക്കൽ നടക്കുന്ന ദിവസം എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യ വിശ്വാസികൾക്കും പൊറുത്തുതരേണമേ (ഖുറാൻ 14:41)

ഇസ്ലാമിന്റെ പ്രവാചകനും ഇങ്ങനെ പ്രാർത്ഥിക്കുന്നു.

اللهم اغسل خطاياي بماء السجل

ദൈവമേ എന്റെ പാപങ്ങൾ മഞ്ഞുവെള്ളം കൊണ്ട് കഴുകണമേ (ബുഖാരി - 26)

ഇസ്ലാം പ്രവാചകന്റെ ഒന്നാം പിൻഗാമിയായ അബൂബക്കർ തന്റെ പ്രസിദ്ധ കവിതയിൽ പറയുന്നു.

كيف حالي يا الهي ليس لي خير العمل
سيء اعمالي كثير زاد طاعاتي قليل *

“ദൈവമേ, ഞാൻ എങ്ങനെ രക്ഷിക്കപ്പെടും? എന്നിൽ ഒരു നന്മയും ഇല്ല. ഞാൻ അകൃത്യങ്ങളാൽ നിറയപ്പെട്ടിരിക്കുന്നു. നന്മ എന്നിൽ തീരെയില്ല!

മേല്പറഞ്ഞ തെളിവുകൾ കൂടാതെ ഖുർ-ആനും എല്ലാവരും പാപികളാണെന്നു പറയുന്നു.

إِنَّ الْإِنسَانَ لِرَبِّهِ لَكَنُودٌ ۝٦ وَإِنَّهُ عَلَىٰ
ذَٰلِكَ لَشَهِيدٌ ۝٧ العديات...

മനുഷ്യൻ തന്റെ രക്ഷിതാവിനോട് അശേഷവും നന്ദിയില്ലാത്തവൻ തന്നെ. അവൻ തന്നെ അതിനു സാക്ഷിയുമാണ് (ഖുർ-ആൻ 100: 6,7)

ഈ സന്ദർഭത്തിൽ താഴെ പറയുന്ന ചിന്ത എന്നിൽ ഉണ്ടായി. പ്രവാചകനായ യേശുവും ഒരു മനുഷ്യൻ ആയിരുന്നു. ഖുർ-ആൻ മറ്റു പ്രവാചകന്മാരുടെ പാപങ്ങളെപ്പറ്റി പരാമർശിക്കുന്നു. എന്തുകൊണ്ട് ഖുർ-ആൻ യേശുവിന്റെ പേരിൽ ഒരു പാപമെങ്കിലും രേഖപ്പെടുത്താത്തത്. ഖുർ-ആനിൽ

യേശുവിന്റെ പാപമില്ലായ്മ മാത്രമാണ് രേഖപ്പെടുത്തിയതായി ഞാൻ കണ്ടത്. അതുകൊണ്ട് ഞാൻ ഇഞ്ചീലിലേയ്ക്കു തിരിഞ്ഞു അവിടെ ഞാൻ ഈ വാക്യങ്ങൾ കണ്ടെത്തി.

"നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ച് ബോധം വരുത്തുന്നു" യോഹന്നാൻ 8:46

"പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപം ആക്കി" 2 കൊരി 5:21.

"നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല. പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളത്" എബ്രാ 4:15

"അവൻ പാപം ചെയ്തിട്ടില്ല. അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല" 1 പത്രോ 2:22

"പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി എന്ന് നിങ്ങൾ അറിയുന്നു. അവനിൽ പാപം ഇല്ല."

പ്രവാചകനായ യേശു ഒഴികെ എല്ലാ മനുഷ്യരും പാപമുള്ളവരാണെന്നു തെളിയിക്കാൻ സുവ്യക്തമായ തെളിവുകൾ ഉണ്ട്. വസ്തുതകൾ ഇങ്ങനെയിരിക്കെ നല്ല പ്രവൃത്തികൾകൊണ്ട് രക്ഷ നേടാമെന്ന് വിചാരിക്കാൻ മാത്രം ഞാൻ ആരാണ്. മാത്രമല്ല, അനേകം മതനേതാക്കളും തത്വജ്ഞാനികളും വിശുദ്ധരും ഈ അസാദ്ധ്യമായ മാർഗ്ഗം സ്വീകരിച്ച് പരാജയപ്പെട്ടിരിക്കയാണ്.

പ്രവൃത്തികൾകൊണ്ട് രക്ഷപ്രാപിക്കാമെന്ന ഖുർ - ആനിലെ ഉപദേശത്തെപ്പറ്റി അറിയാൻ ഞാൻ ഖുർ-ആനിലേക്കു തിരിയണം. ഒരു മനുഷ്യനും അവൻ ഏതു നിലയിൽ ഉള്ളവനായാലും നരകത്തിൽ നിന്ന് രക്ഷപ്പെടാൻ സാദ്ധ്യമല്ലെന്ന് വ്യക്തമാക്കുന്ന രണ്ട് വാക്യങ്ങൾ ഉദ്ധരിക്കാം.

وَإِن مِّنكُمْ إِلَّا وَارِدُهَا ۚ كَانَ عَلَىٰ رَبِّكَ حَتْمًا
مَّقْضِيًّا ۝ ثُمَّ نُنَجِّي الَّذِينَ اتَّقَوا وَّنَذَرُ الظَّالِمِينَ
فِيهَا جِثِيًّا ۝

ആ നരകത്തിൽ നിന്ന് മാറാതെ നിങ്ങളിൽ ആരും ഒഴിവാകില്ല. നിന്റെ രക്ഷിതാവ് അത് തന്റെ ഒരു ബാദ്ധ്യത യാക്കി എടുത്തിരിക്കുന്നു. പിന്നീട് ജീവിതത്തിൽ സൂക്ഷ്മത കാണിക്കുന്നവരെ നാം രക്ഷപ്പെടുത്തും. അക്രമികളെ ആ നരകത്തിൽ മുട്ടുകുത്തി നടക്കുന്നവരാക്കികൊണ്ട് നാം അങ്ങ് വിടുകയും ചെയ്യും ഖുർ-ആൻ 19: 71:72.

എന്നാൽ ഈ വാക്യം എന്നിലുളവാക്കിയ ഞെട്ടലും, വിസ്മയവും, നിരാശയും എനിക്കു മാത്രമെ അറിയാവൂ. ഒരു ആത്മീക രോഗിയായ ഞാൻ ഒരു ഡോക്ടറെ സമീപിക്കുന്നതുപോലെ എന്റെ പാപത്തിന് പരിഹാരം തരുമെന്നുള്ള ആശയിലാണ് ഖുർ- ആൻ വായിച്ചത്. എന്നാൽ അത് പരിഹാരം തരുന്നതിന് പകരം എന്നോട് പറഞ്ഞത് ഇതാണ്: എല്ലാവരും നരകത്തിലേക്കു പോകും. കാരണം, ഇത് അല്ലാഹുവിനാൽ തീരുമാനിക്കപ്പെട്ട നിർബന്ധ കാര്യം ആണ്.

എന്നാൽ എന്റെ ഇസ്ലാം വിശ്വാസത്തോടുള്ള സ്വാഭാവിക സ്നേഹവും, കൂറും ഒരു വ്യക്തിപരമായ തീരുമാനത്തിലെത്തുന്നതിൽ നിന്ന് എന്നെ തടഞ്ഞു. ഹദീസിൽ ഈ ആയത്തിനെക്കുറിച്ചു ഒരു വിശദീകരണം തേടുന്നത് നന്നായിരിക്കുമെന്ന് എനിക്കു തോന്നി. കാരണം അവിടെ ഇസ്ലാം പ്രവാചകൻ തന്നെ ഇക്കാര്യത്തെക്കുറിച്ച് എന്തു പറയുന്നുവെന്ന് അറിയാൻ സാധിക്കും. ഒരു നീണ്ട അന്വേഷണത്തിനുശേഷം മിശ്ക്കാത്തിൽ താഴെ പറയുന്ന ഹദീസ് കണ്ടെത്തി.

ഇസ്ലാം പ്രവാചകൻ പറഞ്ഞതായി ഇബ്നുമസൂദ് പറഞ്ഞു: എല്ലാ മനുഷ്യരും നരകത്തിൽ പ്രവേശിക്കും.

അതിനുശേഷം അവരുടെ പ്രവർത്തികൾക്ക് തക്കവണ്ണം അവർ നരകത്തിൽ നിന്ന് പുറത്തുവരും. പുറത്തുവരുന്ന ആദ്യത്തെ ആളുകൾ വരുന്നത് മിന്നൽപിണരു പോലെയായിരിക്കും. അതിനുശേഷം വരുന്നവർ അതിവേഗത്തിൽ വരുന്ന കുതിരപോലെയായിരിക്കും. അടുത്തത് വേഗതയുള്ള സവാരിക്കാരനെപ്പോലെയും പിന്നീട് ചാടി വരുന്ന മനുഷ്യനെപ്പോലെയും ആയിരിക്കും (തീർമിഥി ദാരിമി)

മുൻപറഞ്ഞ വാക്യത്തിന്റെ അർത്ഥം ഇപ്പോൾ വ്യക്തമായി. എല്ലാവരും നരകത്തിൽ പ്രവേശിക്കണമെന്നതും അവരുടെ പ്രവർത്തിക്കു തക്കവണ്ണം പുറത്തുവരണമെന്നതും ഒഴിവാക്കാൻ ഒക്കാത്ത കാര്യമാണ്. ഖുർ-ആൻ വാക്യത്തിന്റെ അർത്ഥം വ്യക്തമായതും ഇസ്ലാം പ്രവാചകന്റെ പ്രസ്താവന അതിനെ പിൻതാങ്ങുന്നതും ആണെങ്കിലും എന്റെ അന്വേഷണം ഇവിടെ അവസാനിപ്പിക്കാൻ ആഗ്രഹിച്ചുവെങ്കിലും അതിന്റെ വിശദീകരണം ഖുർ- ആനിൽ തന്നെ അന്വേഷിക്കുന്നതു നന്നായിരിക്കുമെന്നെനിക്കുതോന്നി. അതനുസരിച്ച് ഒരു ദീർഘമായ അന്വേഷണത്തിനുശേഷം താഴെ പറയുന്ന വാക്യം കണ്ടെത്തി.

وَلَوْ شَآءَ رَبُّكَ لَجَعَلَ النَّاسَ أُمَّةً وَّاحِدَةً
وَّلَا يَزَالُوْنَ مُخْتَلِفِيْنَ ﴿١١٨﴾ إِلَّا مَنْ رَّحِمَ رَبُّكَ
وَلِذٰلِكَ خَلَقَهُمْ وَتَمَّتْ كَلِمَةُ رَبِّكَ لَأَمْلَئَنَّ
جَهَنَّمَ مِنَ الْجِنَّةِ وَالنَّاسِ أَجْمَعِيْنَ ﴿١١٩﴾ هود

നിന്റെ രക്ഷിതാവ് ഉദ്ദേശിക്കുന്നപക്ഷം മനുഷ്യരെ ഒരൊറ്റ സമുദായമാക്കുമായിരുന്നു. അവർ ഭിന്നമാർഗ്ഗങ്ങൾ കൈകൊണ്ടുകൊണ്ടേയിരിക്കും. പക്ഷെ നിന്റെ രക്ഷിതാവിന്റെ അനുഗ്രഹത്തിന് പാത്രമായവർ അതിൽ പെടുകയില്ല. ഈ ഉദ്ദേശത്തെ മുൻനിർത്തികൊണ്ടുതന്നെയാണ്

അവരെ അവൻ സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യർ, ജിന്നുകൾ ഇവരെല്ലാവരെയും കൊണ്ട് നരകത്തെ നിറയ്ക്കുമെന്ന നിന്റെ രക്ഷിതാവിന്റെ നിശിചയം പൂർത്തിയായി കഴിഞ്ഞിരിക്കുന്നു. ഖുർ-ആൻ 11: 118: 119.

ഈ വാക്യം എന്നെ വല്ലാതെ ദണ്ഡിപ്പിക്കുകയും ഖുർ-ആൻ അടച്ചുവച്ചിട്ട് ഞാൻ ചിന്താമഗ്നനായിത്തീരുകയും ചെയ്തു. ഉറക്കത്തിൽപോലും എനിക്ക് വിശ്രമം ലഭിച്ചില്ല. കാരണം എന്നിൽ ഉണർന്നിരുന്ന ചിന്തകൾ സ്വപ്നമണ്ഡലത്തിൽ രൂപം കൊള്ളുകയും എന്നെ അസ്വസ്ഥനാക്കുകയും ചെയ്തു. എന്റെ പിതാക്കന്മാരുടെ വിശ്വാസം ഉപേക്ഷിക്കുക എന്നത് എത്ര കഠിനമാണെന്ന വിവരിക്കാൻപോലും സാദ്ധ്യമല്ല. എന്റെ ജീവനെ ഉപേക്ഷിക്കാൻ ഞാൻ കൂടുതൽ സന്നദ്ധനായിരുന്നു. ആ പ്രശ്നത്തിൽ നിന്ന് ഒഴിഞ്ഞുമാറാനോ, രക്ഷപ്പെടാനോ ഉള്ള രീതിയെക്കുറിച്ച് ഞാൻ കുറെ സമയം ചിന്തിച്ചുകൊണ്ടിരുന്നു. എങ്ങനെയെങ്കിലും ഇസ്ലാം ഉപേക്ഷിക്കാതിരിക്കാനായിരുന്നു എന്റെ ആഗ്രഹം. ഈ ഉദ്ദേശ്യത്തോടെ ഹദീസിന്റെ സഹായത്തിനായി ഞാൻ ശ്രമിച്ചു. ഹദീസ് ആറു വലിയ വാല്യങ്ങളിലായി അടങ്ങിയിരുന്നതുകൊണ്ട് അത് അത്ര എളുപ്പമായിരുന്നില്ല. കൂടാതെ ഹദീസുകളുടെ തത്വശാസ്ത്രങ്ങൾ ഓരോ ഹദീസിലും പ്രായോഗികമാക്കുക വളരെ പ്രയാസമുള്ള കാര്യമാണ്. ഈ പ്രയാസങ്ങൾ ഉണ്ടായിരുന്നിട്ടും ദൈവസഹായത്താൽ എന്റെ ജോലി പൂർണ്ണമാക്കാൻ സാധിച്ചു.

ഹദീസ് അനുസരിച്ച് രക്ഷയ്ക്ക് മൂന്നു നിബന്ധനകൾ ഉണ്ട്. ആദ്യമായി പ്രവൃത്തിയും രക്ഷയും തമ്മിൽ യാതൊരുവിധ ബന്ധവുമില്ല. ദൈവനിയമങ്ങളെ ലംഘിച്ചുകൊണ്ട് ജീവിതം മുഴുവനും കഴിച്ചുകൂട്ടിയ ഏറ്റവും ചീത്തയായ പാപിക്കും സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ സാധിക്കും. നല്ല പ്രവൃത്തികൾ ചെയ്ത് ജീവിച്ച മനുഷ്യരിലെ നല്ലതരം ആളുകൾ നരകത്തിൽ പ്രവേശിക്കയും ചെയ്യും. താഴെ പറയുന്ന ഹദീസ് അതു വ്യക്തമാക്കുന്നു.

മഅ്ആദ്നാൽ അനുഗതനായ ഇസ്ലാം പ്രവാചകൻ, കുതിരസവാരി ചെയ്യുകയായിരുന്നുവെന്ന് ഹസ്രത്ത് അനസ് പറഞ്ഞു: ആരെങ്കിലും സത്യസന്ധമായി വിശ്വസിക്കുകയും ഒരേയൊരു ദൈവം മാത്രമേയുള്ളുവെന്നും, മുഹമ്മദ് ആ ദൈവത്തിന്റെ പ്രവാചകനാണെന്നും ആവർത്തിച്ച് ഉരുവിടുകയും ചെയ്താൽ നരകത്തിലേക്ക് എറിയപ്പെടുകയില്ല. എന്ന് ഇസ്ലാം പ്രവാചകൻ മൂന്നു പ്രാവശ്യം ആവർത്തിച്ചത് കേട്ടിട്ട് "മഅ്ആദ്" പറഞ്ഞു: "അല്ലയോ അല്ലാഹുവിന്റെ പ്രവാചക, ഞാൻ ഈസദ് വാർത്കൾ പ്രഖ്യാപിക്കേണ്ടതല്ലെ." പ്രവാചകൻ മറുപടിയായി: "അങ്ങനെയായാൽ അവർ ഇതില ല്ലാതെ മറ്റൊന്നിലും വിശ്വസിക്കയില്ല." (മിഷ്കാത്ത്)

ഈ വിഷയത്തെ സംബന്ധിച്ച് അബുദർ പ്രസ്താവിച്ചിട്ടുള്ള ഒരു ഹദീസ് ഉണ്ട്. അതിലെ വാക്കുകൾ പ്രവർത്തി മൂലമുള്ള രക്ഷയ്ക്ക് യാതൊരു അർത്ഥവുമില്ലെന്ന നിഗമനത്തിലെത്താൻ നിർബന്ധിക്കുന്നു. മുസ്ലീം വിശ്വാസത്തിലെ ഈ വാക്കുകൾ ആവർത്തിക്കുന്നതുകൊണ്ടുമാത്രം വ്യഭിചാരിക്കും, കള്ളനും രക്ഷപ്രാപിപ്പാൻ സാധിക്കും. ആ ഹദീസ് ഇങ്ങനെയാകുന്നു.

അബൂദർ ഇങ്ങനെ പറഞ്ഞതായി പറയപ്പെട്ടിരിക്കുന്നു. ഞാൻ പ്രവാചകന്റെ അടുക്കൽ എത്തി. അദ്ദേഹം ഒരു വെളുത്ത വസ്ത്രം പുതച്ച് ഉറങ്ങുകയായിരുന്നു. അദ്ദേഹം ഉണർന്നശേഷം ഞാൻ അദ്ദേഹത്തിന്റെ അടുക്കലെത്തി. അദ്ദേഹം പറഞ്ഞു : അല്ലാഹുവല്ലാതെ മറ്റൊരു ദൈവവുമില്ല എന്നു പറയുന്ന ഏതൊരു ദൈവദാസനും അതിൽ വിശ്വസിച്ചുകൊണ്ട് മരിച്ചാൽ സ്വർഗ്ഗത്തിൽ പ്രവേശിക്കും. ഞാൻ ചോദിച്ചു: അയാൾ വ്യഭിചാരവും, മോഷണവും നടത്തിയാലും. ഞാൻ വീണ്ടും ചോദിച്ചു, അയാൾ വ്യഭിചാരവും, മോഷണവും നടത്തിയാലും സ്വർഗ്ഗം ലഭിക്കുമോ? അദ്ദേഹം മറുപടി പറഞ്ഞു: അയാൾ വ്യഭിചാരവും, മോഷണവും നടത്തിയാലും അബുദാർ ആണെങ്കിൽ പോലും ലഭിക്കും (മുസ്ലീം ബുഖാരി).

ഞാൻ മറ്റൊരു പാരമ്പര്യം കണ്ടെത്തി ഒരു കുട്ടിക്ക് ഒരു പൊതി പഞ്ചസാര ലഭിക്കുന്നതുപോലെ ആശ്വാസകര മായിരുന്നു അത്. അത് ഇങ്ങനെ വാഗ്ദാനം ചെയ്യുന്നു. ഒരു മനുഷ്യൻ നന്മ ചെയ്താലും, തിന്മ ചെയ്താലും കുറെ വാക്കുകൾ ആവർത്തിച്ചു പറയുന്നതുകൊണ്ട് സ്വർഗ്ഗം പ്രാപിക്കാൻ സാധിക്കും. അത് ഇപ്രകാരമാണ്.

ഉബാദാബിൽ സമിതിയിൽ പ്രവാചകൻ പറഞ്ഞതായി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. അല്ലാഹുവല്ലാതെ ദൈവമില്ലായെന്നും, ദൈവത്തിനു മറ്റൊരു പങ്കുകാരനും ഇല്ലായെന്നും, മുഹമ്മദ് ദൈവത്തിന്റെ ദാസനും, അപ്പോസ്തലനുമാണെന്നും, യേശുക്രിസ്തു ദൈവത്തിന്റെ ദാസനും, അപ്പോസ്തലനും ദൈവത്തിന്റെ ദാസിയുടെ മകനുമാണെന്നും, മറിയയിലേക്ക് ഇട്ടുകൊടുത്ത ദൈവവചനമാണെന്നും, ദൈവത്തിൽ നിന്നുള്ള ആത്മാവ് ആണെന്നും. സ്വർഗ്ഗവും, നരകവും; സത്യമാണെന്നും, സാക്ഷീകരിക്കുന്നവരൊക്കെ അവരുടെ പ്രവർത്തികൾ എന്തൊക്കെയായാലും അവരെ അല്ലാഹു സ്വർഗ്ഗത്തിലേയ്ക്ക് ആക്കും. (മുസ്ലീം ബുഖാരി).

ഞാൻ ഈ ഹദീസ് വായിച്ചപ്പോൾ ഒരു ചോദ്യം എന്റെ മനസ്സിലുണ്ടായി. തന്റെ ജീവിതം മുഴുവനും നന്മയെക്കുറിച്ച് ചിന്തിക്കുകപോലും ചെയ്യാതെ തിന്മ മാത്രം ചെയ്യുന്നവൻ, മരണത്തിൽ സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുകയും; അതേ സമയം ജീവിതം മുഴുവൻ ദൈവഭയത്തിലും, ഇന്ദ്രിയജയത്തിലും, നല്ല പ്രവൃത്തികളിലും ചെലവാക്കിയ ഒരാൾ മരണത്തിൽ നരകത്തിലേയ്ക്ക് എറിയപ്പെടുകയും ചെയ്യുക എന്നത് നീതിയാണോ?

രണ്ടാമതായി രക്ഷ ദൈവത്തിന്റെ കരുണയെ ആശ്രയിച്ചിരിക്കുന്നുവെന്ന് പാരമ്പര്യങ്ങളിൽ കാണുന്നു. ഇസ്ലാം പ്രവാചകൻ പോലും അല്ലാഹുവിന്റെ കാരുണ്യത്തിനായി യാചിക്കേണ്ടിവന്നു. ദൈവത്തിന്റെ കരുണ കൂടാതെ പ്രവാചകനുപോലും പ്രവൃത്തികൾകൊണ്ട് രക്ഷ നേടാൻ സാദ്ധ്യമല്ല. ഒരു ഹദീസിൽ ഇങ്ങനെ കാണുന്നു.

"പ്രവാചകൻ പറഞ്ഞതായി അബുഹുറൈറ പ്രസ്താവിക്കുന്നു. നല്ല പ്രവൃത്തികൾകൊണ്ട് നിങ്ങളിൽ ആരും തന്നെ സ്വർഗ്ഗത്തിൽ പ്രവേശിക്കയില്ല." അവർ പറഞ്ഞു : "ദൈവത്തിന്റെ പ്രവാചകാ, അങ്ങുപോലും അങ്ങനെയാണോ? അദ്ദേഹം മറുപടി പറഞ്ഞു: അല്ലാഹു കരുണയും, കൃപയുംകൊണ്ട് എന്നെ മൂടുന്നില്ലെങ്കിൽ ഞാനും അങ്ങനെ തന്നെ. അതുകൊണ്ട് ഉറപ്പുള്ളവനായിരിക്ക. പ്രഭാതത്തിലും സായാഹ്നത്തിലും, മാത്രമല്ല ഓരോ നിമിഷത്തിലും നന്മ ചെയ്യാൻ ശ്രമിക്ക" (മിഷ്കാത്ത്).

താഴെ പറയുന്ന ഹദീസുമായി താരതമ്യപ്പെടുത്തുക. ഇസ്ലാം പ്രവാചകൻ പറഞ്ഞതായി ജബീർ ഉദ്ധരിക്കുന്നു. "നിന്റെ ഒരു നല്ല പ്രവൃത്തിയും നിനക്ക് സ്വർഗ്ഗം നേടിത്തരികയില്ല; നിന്നെ നരകത്തിൽ നിന്ന് രക്ഷിക്കുകയുമില്ല. - എന്നെപ്പോലും - അല്ലാഹുവിന്റെ കൃപ കൂടാതെ."

മുൻപറഞ്ഞ ഹദീസുകളിൽനിന്ന് ദൈവകൃപ ഇല്ലാതെ ആർക്കും രക്ഷ ലഭിക്കയില്ലെന്നെനിക്ക് വ്യക്തമായി. ഇതെന്നെ അല്പം ആശ്വസിപ്പിച്ചു. അതേസമയം ഞാൻ ചിന്തിക്കാൻ തുടങ്ങി. "ദൈവം കാരുണ്യവാനാണ്, ദൈവം നീതിമാനുമാണ്. ദൈവം തന്റെ കാരുണ്യം കൊണ്ട് മാത്രം ക്ഷമിക്കുന്നവനായാൽ നീതിയിൽ നിന്നും വ്യതിചലിക്കുന്ന

---

*അനുവാചകരുടെ ശ്രദ്ധക്ക്:- നല്ല പ്രവൃത്തികൾ ചെയ്യേ ആവശ്യത്തെ ക്രിസ്ത്യാനികൾ നിരസിക്കുന്നില്ല. എപ്പോഴും സൽപ്രവർത്തികളിലേർപ്പെടണമെന്ന കാര്യത്തിൽ അവർ ബോധവാന്മാരാണ്. എന്നാലും രക്ഷ അവരുടെ സൽപ്രവൃത്തികളിൽ ആശ്രയിച്ചിരിക്കുന്നില്ല. ഒരാൾക്ക് അയാളുടെ കഴിവിനപ്പുറം ചെയ്യാൻ സാദ്ധ്യമല്ലല്ലൊ. അതുകൊ് അയാളുടെ തിന്മപ്രവൃത്തികളുടെ പരിഹാരത്തിനുവേി അയാളാൽ കഴിയുന്ന കാര്യങ്ങൾ ചെയ്യുവാൻ സാദ്ധ്യമല്ല. ലൂക്കോസിന്റെ സുവിശേഷം 17: 7-10 നോക്കുക.*

*- സുൽത്താൻ*

വനാകേണ്ടിവരും. അങ്ങനെ നീതിയിൽ നിന്നുള്ള വ്യതിചലനം ദൈവസ്വഭാവത്തിനു തന്നെ നിരക്കാത്ത ഒന്നാണ്. അങ്ങനെയൊരു പ്രവൃത്തി ദൈവമഹത്വത്തിന് അനുയോജ്യമല്ലാത്തതായിരിക്കും.''

ഹദീസുകളിൽ നിന്നു വ്യക്തമായ മൂന്നാമത്തെ കാര്യം ഇതാണ്. ഇസ്ലാം പ്രവാചകനുപോലും ആരെയും രക്ഷിക്കാൻ സാദ്ധ്യമല്ല. സ്വന്തം മകളായ ഫാത്തിമയേയോ ബന്ധുക്കളെപോലുമോ. അതുകൊണ്ട് പ്രവാചകൻ വിശ്വാസികൾക്കുവേണ്ടി മദ്ധ്യസ്ഥത നിൽക്കും എന്ന എന്റെ ധാരണ തെറ്റാണെന്ന് തെളിഞ്ഞു.

ഒരു ഹദീസിൽ അബുഹുറൈറ പറഞ്ഞതായി ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: നിന്റെ അടുത്ത ബന്ധുക്കളെ ഭയപ്പെടാൻ പഠിപ്പിക്ക എന്ന വാക്യം ഇസ്ലാം പ്രവാചകന്റെ അടുക്കൽ വെളിപ്പെടുത്തിയപ്പോൾ പ്രവാചകൻ എഴുന്നേറ്റു നിന്നു പ്രഖ്യാപിച്ചു തുടങ്ങി: ഖുറൈശികളെ, അബദുൾമനാഫിന്റെ മക്കളെ; അബ്ബാസിന്റെ മക്കളെ; അബ്ദുൾമുത്തലിബിന്റെ മകനെ, എന്റെ അമ്മാവിയായ സഫിയയ്യേ എനിക്ക് നിങ്ങളെ ഉയിർത്തെഴുന്നേൽപു ദിവസത്തിലെ ശിക്ഷയിൽ നിന്ന് രക്ഷിക്കാൻ സാധ്യമല്ല. നിങ്ങൾ നിങ്ങളെ തന്നെ സൂക്ഷിച്ചുകൊള്ളുക. ഫാത്തിമ എന്റെ മകളെ! എന്റെ വസ്തുവകകൾ ഉപയോഗിച്ചുകൊള്ളുക. എനിക്ക് നിന്നെ അല്ലാഹുവിൽ നിന്ന് രക്ഷിക്കാൻ സാദ്ധ്യമല്ല. നീ നിന്നെത്തന്നെ സൂക്ഷിച്ചുകൊള്ളുക. (ബുഖാരി)

ഇങ്ങനെ ഒരു ദീർഘവും സൂക്ഷ്മവുമായ ഹദീസ് പഠനത്തിനുശേഷം കൂടുതൽ ഗവേഷണത്തിന് ഒന്നും അവശേഷിച്ചില്ല. തികച്ചും ഭയവും നിരാശയും ബാധിച്ച് ഞാൻ പാരമ്പര്യ പുസ്തകങ്ങളും അടച്ചുവെച്ച് ദൈവത്തോട് പ്രാർത്ഥിച്ചു: ദൈവമേ, എന്റെ സ്രഷ്ടാവും, കർത്താവുമായുള്ളോനെ, ഞാൻ അറിയുന്നതിനേക്കാൾ, എന്റെ ഹൃദയരഹസ്യങ്ങൾ അറിയുന്നവനെ ഞാൻ എത്രത്തോളം നിന്റെ സത്യമതം അന്വേഷിച്ചുവെന്ന് അവിടുന്ന് അറിയുന്നു. എനിക്ക് കഴിയുന്നിടത്തോളം അന്വേഷണം നടത്തി. അതു

കൊണ്ട് ഇപ്പോൾ അവിടുത്തെ അറിവിന്റെയും രക്ഷയു ചെയും വാതിൽ തുറക്കണമെ. അവിടുത്തേക്ക് പ്രസാദകര മായ അവിടുത്തെ ജനങ്ങളുടെ കൂട്ടായ്മ എനിക്ക് അനുവദി ച്ചുതരണമെ. അവിടുത്തെ മഹത്വകരമായ സന്നിധിയിലേക്ക് പ്രവേശിക്കുമ്പോൾ ഞാൻ അനുഗ്രഹിക്കപ്പെട്ടവനും സംതൃ പ്തനും ആയിത്തീരണമെ ആമീൻ.

നിരാശ നിറഞ്ഞതും തകർന്നതുമായ ഈ മാനസി കാവസ്ഥയിൽ, എന്റെ അന്വേഷണത്തിൽ എന്തെങ്കിലും തെറ്റുണ്ടായിട്ടുണ്ടെങ്കിൽ തിരുത്തുക എന്ന ഉദ്ധേശ്യത്തോടെ; ഞാൻ വീണ്ടും വിശുദ്ധ ഇഞ്ചീൽ വായിക്കുവാൻ തുടങ്ങി. ഈ പ്രാവശ്യം വിശുദ്ധ ഇഞ്ചീൽ തുറന്നപ്പോൾ താഴെ പറ യുന്ന വാക്യത്തിൽ എന്റെ കണ്ണുകൾ പതിച്ചു.

“അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയു ള്ളോരെ എല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും.” മത്താ. 11:28.

മത്തായി എഴുതിയ സുവിശേഷത്തിലെ ഈ വാക്യം ഞാൻ കണ്ടുമുട്ടുവാൻ ഇടയായതെങ്ങനെയെന്ന് എനിക്ക് പറയുവാൻ കഴിയില്ല. ഞാൻ അതിനെ മന:പൂർവ്വം തേടിപ്പി ടിച്ചതല്ല. അതേസമയം അത് ആകസ്മികമായി സംഭവിച്ച തുമല്ല. പ്രത്യുത, എന്റെ കഠിനാദ്ധ്വാനത്തിനും, ആത്മാർത്ഥ മായ അന്വേഷണത്തിനും ദൈവം തന്ന മറുപടിയാണ്. എന്നെപ്പോലൊരു പാപിയായ മനുഷ്യന്, അത് യഥാർത്ഥ ത്തിൽ ദൈവത്തിന്റെ സുവ്ർത്തയുടെ അത്യുത്തമമായ പ്രഖ്യാപനമാണ്. ഈ ജീവൻ നൽകുന്ന വചനം എന്നിൽ അതിവിപുലമായ ഫലം ഉളവാക്കി. ആ വാക്യം എനിക്ക് സമാ ധാനവും, ആശ്വാസവും സന്തോഷവും തന്നു. എന്റെ ഹൃദ യത്തിലെ അസ്വാസ്ഥ്യവും അനിശ്ചിതത്വവും അപ്രത്യക്ഷ മായി ആശ്വസിപ്പിക്കുമെന്ന് മശീഹാ വാഗ്ദാനം ചെയ്യുന്നു. രക്ഷ അവനിൽ ആണെന്ന് അവൻ സുവ്യക്തമാക്കുന്നു. അവ നിൽ നിന്ന് അപ്പുറത്തോ, മുകളിലോ ഉള്ള ഒരു മാർഗ്ഗമല്ല അവൻ ചൂണ്ടിക്കാട്ടുന്നത്. എന്നാൽ അവൻ പറയുന്നു:

“ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു. ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല.”

എന്നിട്ടും എന്റെ മനസ്സിൽ ഈ ചോദ്യമുണ്ടായി: “യേശുക്രിസ്തുവിന്റെ ഈ അസാധാരണ വാഗ്ദാനത്തിൽ ഒരാൾക്ക് പൂർണ്ണമായി ആശ്രയിക്കാനൊക്കുമോ.” ഒരാൾക്ക് പൂർണ്ണമായി ആശ്രയിക്കാനൊക്കുമെന്ന് ഞാൻ തീർച്ചയാക്കി. കാരണം ഒന്നാമതായി മുസ്ലീംങ്ങൾ യേശുവിനെ പാപമില്ലാത്തവനായും, ഈ ലോകത്തിലും വരുവാനുള്ള ലോകത്തിലും മഹത്വപൂർണ്ണനായും ദൈവവചനമായും, ദൈവത്തിന്റെ ആത്മാവായും അംഗീകരിക്കുന്നു. യേശുക്രിസ്തുവിനെ സംബന്ധിക്കുന്ന ഈ വിവരങ്ങളും മറ്റുള്ളവയും യേശുക്രിസ്തുവിന്റെ പൂർണ്ണതയെ വെളിപ്പെടുത്തുന്നു. രണ്ടാമതായി ക്രിസ്ത്യാനികളുടെ അഭിപ്രായമനുസരിച്ച് അവൻ സാക്ഷാൽ ദൈവവും സാക്ഷാൽ മനുഷ്യനുമാണ്.എല്ലാ അധമ വികാരങ്ങളിൽ നിന്നും ലോകമോഹങ്ങളിൽനിന്നും വിമുക്തനാണ്. അതുകൊണ്ട് മുസ്ലീംങ്ങളും ക്രിസ്ത്യാനികളും പറയുന്നതനുസരിച്ച് ഏറ്റവും ഉന്നതമായ ഗുണങ്ങളുള്ള ക്രിസ്തുവിന് പാപം ചെയ്യുവാനോ അയോഗ്യമായത് എന്തെങ്കിലും ചെയ്യുവാനോ സാദ്ധ്യമല്ല.

എന്നിട്ട് യേശുവിന് എനിക്ക് എങ്ങനെ രക്ഷ തരാൻ കഴിയുമെന്ന് അന്വേഷിക്കാൻ തുടങ്ങി. എന്റെ മാനസികാശ്വാസത്തിനായി വിശുദ്ധ ഇഞ്ചീലിൽ അന്വേഷണം ആരംഭിക്കുകയും താഴെ പറയുന്ന വചനം കണ്ടുമുട്ടുകയും ചെയ്തു.

“മനുഷ്യപുത്രൻ (യേശു) ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനുമത്രേ വന്നത്” (മത്തായി 20:28).

ഈ വാക്യം വായിച്ചപ്പോൾ ദൈവം എങ്ങനെ രക്ഷ നൽകുന്നുവെന്ന് ഞാൻ കണ്ടെത്തി. യേശുക്രിസ്തു അവന്റെ ജീവനെ പാപികളായ നമുക്കുവേണ്ടി തന്നു. ഇത് അത്ഭുതകരമായ ഒരു മാർഗ്ഗമാണ്. ആയതിനു തുല്യമായ മറ്റൊന്നിനെ കാണിപ്പാൻ ലോകത്തിനു സാദ്ധ്യമല്ല. അനവധി ആളുകൾ

ലോകത്തിൽ മതങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പക്ഷെ അവരിൽ ആരും അവരുടെ മരണം പാപത്തിന്റെ പരിഹാരമായിത്തീരുമെന്ന് അവകാശപ്പെട്ടിട്ടില്ല. യേശു ക്രിസ്തു ഇക്കാര്യം പ്രഖ്യാപിച്ചതു മാത്രമല്ല, അത് നിവൃത്തിയാക്കുകയും ചെയ്തു.

ഈ ചിന്തയിലെത്തിയപ്പോൾ ഞാൻ ആനന്ദനിർവൃതിയിലായിത്തീർന്നു. യേശുക്രിസ്തുവിന്റെ രൂപവും, അവന്റെ മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹവും എന്റെ ഹൃദയത്തിൽ മായാത്ത മുദ്ര പതിപ്പിച്ചു. ഞാൻ ഈ ആനന്ദാവസ്ഥയിലായിരുന്നപ്പോൾ തന്നെ മറ്റൊരു ചോദ്യം എന്റെ മനസ്സിലുണ്ടായി. യേശുക്രിസ്തുവിന്റെ ത്യാഗത്തിന്റെയും പാപപരിഹാരയാഗത്തിന്റെയും ആവശ്യമെന്താണ്. തന്റെ ജീവനെ നൽകാതെ തന്നെ രക്ഷ നല്കാമായിരുന്നില്ലേ. അല്പം ചിന്തിച്ചപ്പോൾ ഇതിനും ഞാൻ ഉത്തരം കണ്ടെത്തി. ദൈവം ദയാലുവും നീതിമാനുമാണ്. യേശുക്രിസ്തു തന്റെ ജീവനെ നൽകാതെ രക്ഷ വാഗ്ദാനം ചെയ്തിരുന്നുവെങ്കിൽ അക്കാര്യംകൊണ്ട് ദൈവത്തിന്റെ ദയ വിളങ്ങുമായിരുന്നു. എന്നാൽ ദൈവനീതി നിറവേറ്റപ്പെടേണ്ടതിന് യേശുക്രിസ്തു തന്റെ വിലയേറിയ രക്തത്തെ മറുവിലയായി നൽകി, ഈ വിധത്തിൽ ദൈവം നമ്മോടുള്ള സ്നേഹത്തെ വെളിപ്പെടുത്തി.

“നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നെ സാക്ഷാൽ സ്നേഹമാകുന്നു.” 1 യോഹ. 4:10.

ചുരുക്കത്തിൽ പുതിയനിയമത്തിലെ എന്റെ അന്വേഷണം തുടരുകയും ആദ്യവസാനം പല പ്രാവശ്യം വായിക്കുകയും ചെയ്തു. ഈ പഠനത്തിൽ നിന്ന് മതത്തിന്റെ യഥാർത്ഥ സത്തയും ധർമ്മവും ആയ രക്ഷ, യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലം മാത്രമാണ് ലഭിക്കുന്നതെന്ന് സംശയലേശമെന്യേ തെളിയിക്കുന്ന നൂറുക്കണക്കിനുള്ള വാക്യങ്ങളും അനേകം ഉപമകളും ഞാൻ കണ്ടെത്തി. ഞാൻ ഒരു ഭാഗം മാത്രം ഉദ്ധരിക്കാം.

"ന്യായപ്രമാണം പറയുന്നത്, എല്ലാം ന്യായപ്രമാണത്തിൻ കീഴുള്ളവരോട് പ്രസ്താവിക്കുന്നു. എന്നു നാം അറിയുന്നു. അങ്ങനെ ഏതു വായും അടഞ്ഞു സർവ്വലോകവും ദൈവസന്നിധിയിൽ ശിക്ഷായോഗ്യമായിത്തീരേണ്ടതത്രേ. അതുകൊണ്ട് ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രെ വരുന്നത്. ഇപ്പോഴോ ദൈവത്തിന്റെ നീതി വിശ്വസിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിങ്കലെ വിശ്വാസത്താലുള്ള ദൈവനീതി തന്നെ ന്യായപ്രമാണം കൂടാതെ വെളിപ്പെട്ടുവന്നിരിക്കുന്നു. അതിന് ന്യായപ്രമാണവും പ്രവാചകന്മാരും സാക്ഷ്യം പറയുന്നു. ഒരു വ്യത്യാസവുമില്ല. എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു. അവന്റെ കൃപയാൽ ക്രിസ്തു യേശുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രെ നീതീകരിക്കപ്പെടുന്നത്. വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു. ദൈവം തന്റെ പൊറുമയിൽ മുൻ കഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാതെ വിടുക നിമിത്തം തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ താൻ നീതിമാനും യേശുവിൽ വിശ്വസിക്കുന്നവനെ നീതീകരിക്കുന്നവനും ആകേണ്ടതിന് ഇക്കാലത്ത് തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ തന്നെ അങ്ങനെ ചെയ്തത്." റോമ. 3: 19-26.

## എന്റെ തീരുമാനവും ഏറ്റുപറച്ചിലും

മുൻ വിവരിച്ച അന്വേഷണങ്ങൾ പൂർത്തിയാക്കിയ ശേഷം ഞാൻ ഒരു ക്രിസ്ത്യാനിയായിത്തീരുമെന്നുള്ള തീരുമാനത്തിൽ എത്തി. ഈ സാഹചര്യത്തിൽ എല്ലാ വസ്തുതകളും സൊസൈറ്റിയിൽ (സംഘടന) അവതരിപ്പിക്കുന്നത് നന്നായിരിക്കുമെന്ന് എനിക്ക് തോന്നി. അവർ അക്കാര്യത്തെക്കുറിച്ച് പരിഗണിക്കുകയും രഹസ്യത്തിൽ ഞാൻ അന്വേഷണം നടത്തി എന്നെ കുറ്റാരോപണത്തിൽ നിന്ന് വിമുക്തമാക്കപ്പെടുകയും ചെയ്യുമല്ലോ എന്നു ഞാൻ ആഗ്രഹിച്ചു.

പതിവുപോലെ ഞാൻ യോഗത്തിൽ എത്തി. മുൻഷി മൻസൂർമസീഹ് സംസാരിക്കേണ്ട അവസരമായിരുന്നു അന്നും. അദ്ദേഹം സംസാരിക്കുന്നതിനു മുൻപ് ഞാൻ ഇട പ്പെട്ടു പറഞ്ഞു: ഞാൻ തന്നെ ഇസ്ലാമിനെതിരായി സംസാ രിക്കാമെന്ന് ഞാൻ എന്റെ അനേക വർഷത്തെ ഗവേഷണ ഫലത്തെക്കുറിച്ച് വിവരിക്കാനാരംഭിച്ചു. സൊസൈറ്റിയുടെ ചുമതലപ്പെട്ടവർ എന്റെ വാക്കുകേട്ട് ആശ്ചര്യ പരതന്ത്ര രായിത്തീരുകയും എന്റെ പ്രസംഗത്തിന് ഞാൻ തന്നെ എതിർവാദം ചെയ്യുമെന്ന ആശയിൽ ആശ്വാസം കൊള്ളു കയും ചെയ്തു. ഞാൻ അവസാനിപ്പിച്ചിട്ട് ഇരുന്നപ്പോൾ വൈസ് പ്രസിഡണ്ട് എഴുന്നേറ്റു പറഞ്ഞു: "പ്രസിഡണ്ട് തന്നെ തന്റെ അസുഖകരമായ പ്രസംഗത്തിന് എതിർവാദം നടത്തുമെന്ന് ആശിക്കുന്നു." (സുൽത്താൻ തന്നെയായിരുന്നു സൊസൈറ്റിയുടെ  പ്രസ്ഡണ്ട്).

ഞാൻ വീണ്ടും എഴുന്നേറ്റു പറഞ്ഞു: സ്നേഹിതരെ, ശ്രദ്ധിക്കു; ഞാൻ നിങ്ങളോട് വിവരിച്ചത് ഉപരിവിപ്ലവമോ കെട്ടിച്ചമച്ചതോ ആയ എന്തെങ്കിലും അല്ല. വർഷങ്ങളോള മുള്ള എന്റെ അന്വേഷണഫലമായുള്ള, തീർച്ചയും ഖണ്ഡി തവുമായ വസ്തുതയാണ്. സൂക്ഷമമായി പറഞ്ഞാൽ മുൻഷി മൻസൂർ മസീഹ് രക്ഷയെക്കുറിച്ച് പറഞ്ഞ ആ ദിവസത്തിൽ ആരംഭിച്ചതാണത്. അന്നു മുതൽ ഞാൻ മുൻപ് ചെയ്തിരു ന്നതിന് വിപരീതമായി, സത്യത്തിൽ അന്വേഷകർ എന്ന നില യിൽ സത്യത്തിന്റെയും, നീതിയുടെയും പാത എനിക്ക് വെളി പ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടെ വിശുദ്ധ വേദപുസ്തകം വായിക്കുമെന്ന് ഞാൻ ദൈവത്തോട് പ്രതിജ്ഞ ചെയ്തു. അതിനനുസരിച്ച് മുൻവിധിയും തത്വജ്ഞാനപരമായ വാച കക്കസർത്തും മാറ്റിവച്ചിട്ട് അവസ്ഥ, സത്യപ്രകാശ്, വേദപു സ്തകം, ഖുർ ആൻ എന്നിവ താരതമ്യപ്പെടുത്തി. രക്ഷ യേശു വിൽ മാത്രം കണ്ടെത്താമെന്ന നിഗമനത്തിൽ ഞാൻ എത്തി ച്ചേർന്നു. ഇത് മാത്രമാണെനിക്കു പറയാനുള്ളത്. എന്റെ ഗവേ ഷണ പഠനത്തിൽ എന്തെങ്കിലും തകരാറുണ്ടെങ്കിൽ നിങ്ങ ളിലാരെങ്കിലും ചൂണ്ടിക്കാട്ടിത്തന്നാൽ ഞാൻ കൃതാർത്ഥനാ

യിരിക്കും. നേരെമറിച്ച് ഈ വാദങ്ങൾക്ക് ഞാൻ തന്നെ എതിർവാദം നടത്തണം എന്നാഗ്രഹിച്ചാൽ എനിക്ക് ഉത്തരം പറയാൻ കഴിയില്ല എന്നു ഞാൻ തുറന്നു പറയട്ടെ. മാത്രമല്ല, മറ്റാരിൽ നിന്നും ഉത്തരം ലഭിക്കുമെന്ന് ആശിക്കാനും വകയില്ല.

ഞാൻ യോഗസ്ഥലം വിട്ടു. കാരണം ഞാൻ അവിടെ കൂടുതൽ സമയം ഇരിക്കുന്നത് ബുദ്ധിപൂർവ്വമല്ലായിരുന്നു. മുൻഷി മൻസൂർ മസീഹ് ഉടൻ തന്നെ എന്നെ പിൻതുടർന്നു. അദ്ദേഹം എന്നോടൊപ്പമെത്തിയപ്പോൾ എന്നെ കൈകൊണ്ടണച്ച് ആനന്ദ കണ്ണുനീർ തൂകുവാൻ തുടങ്ങി. വിറയാർന്ന ശബ്ദത്തോടെ പറഞ്ഞു: ഇന്നു രാത്രി നീ എന്നോടൊപ്പം വീട്ടിൽ വരണം. നിന്റെ മുറിയിൽ തനിച്ച് രാത്രി കഴിക്കുന്നത് സുരക്ഷിതമല്ല. എന്റെ സംഘടനയുടെ ചുമതലക്കാർ വിദ്യാസമ്പന്നന്മാരായ മാന്യന്മാരായതിനാൽ അവരിൽ നിന്ന് ഒന്നും പേടിക്കാനില്ല എന്നു ഞാൻ മറുപടി പറഞ്ഞു. തീർച്ചയായും. ഞാൻ തുടർന്നു: ഭയപ്പെടത്തക്ക മറ്റുള്ളവർ ഉണ്ട്. നേരം വെളുക്കുന്നതിനു മുൻപ് ഞാൻ താങ്കളുടെ വീട്ടിൽ വരാം. അപ്പോഴും ഞാൻ അവിടെയെത്തിയില്ലായെങ്കിൽ ദയവായി എന്റെ താമസസ്ഥലത്തേക്കു വരിക. ഈ ധാരണയോടെ ഞങ്ങൾ പിരിഞ്ഞു. ഞാൻ എന്റെ മുറിയിൽ എത്തി. കതക് അകത്തു നിന്നു പൂട്ടി. ലൈറ്റ് അണച്ചു. ഞാൻ ഇരുന്നു ചിന്തയിൽ മുഴുകി. ആ രാത്രിയിലെ ഭയം നിറഞ്ഞ ഭാവനകളും ആത്മീകയുദ്ധവും ഞാൻ ഒരിക്കലും മറക്കില്ല അത് തീരുമാനത്തിന്റെ രാത്രിയായിരുന്നു. ഭീതി നിറഞ്ഞ ശോധനാ രാത്രി. ഇടയ്ക്കിടക്ക് എന്നെ നേരിട്ട ചിന്ത ഇതാണ്. ഞാൻ ക്രിസ്ത്യാനിയായിത്തീർന്നാൽ എന്റെ രാജ്യത്തെയും, എന്റെ പാരമ്പര്യ സ്വത്തിനെയും അവകാശത്തെയും എന്റെ കുടുംബത്തേയും എന്റെ സ്നേഹിതന്മാരെയും എന്തിന് എല്ലാറ്റിനെയും ഉപേക്ഷിക്കേണ്ടിവരും. എന്നെ ശല്യപ്പെടുത്തിയ മറ്റൊരാശയം ഇതാണ്. ക്രിസ്ത്യാനിയായിത്തീരുകയെന്നു വച്ചാൽ ഞാൻ പരിചയിച്ചതിൽ നിന്നും വ്യത്യസ്തമായ പ്രവർത്തനം ഉള്ള ഒരു പുതിയ ലോകത്തിലേക്ക് പ്രവേശിക്കുക എന്നതാണ്. ആ രാത്രി ഉറക്കം അസാദ്ധ്യമായിരുന്നു.

അവസാനം ഞാൻ എന്നോട് തന്നെ പറഞ്ഞു: സുൽത്താൻ, നീ അല്പായുസ്സുള്ളവനും ലോകം ക്ഷണഭംഗുരവുമാകുന്നു. നീ മരിക്കുമ്പോൾ നിന്റെ രാജ്യവും നിന്റെ പാരമ്പര്യ അവകാശങ്ങളും നിനക്ക് ഒരു പ്രയോജനവും ചെയ്കയില്ല. നിന്റെ കുടുംബവും സ്നേഹിതന്മാരും നിന്നെ സഹായിക്കുകയില്ല. അവയെല്ലാം ഈ ലോകത്തിനു മാത്രമുള്ളവയാണ്. നിന്റെ വിശ്വാസം ഒഴികെ മറ്റൊന്നും ഖബറിന്നക്കരെയെത്തുകയില്ല. അതുകൊണ്ട് നശ്വരമായ ഈ ജീവിതത്തിനുവേണ്ടി നിത്യജീവനെയും ആത്മീക സന്തോഷത്തെയും ഉപേക്ഷിക്കുന്നത് ബുദ്ധിശൂന്യമാണ്. അപ്പോൾ ദൈവമുമ്പാകെ എന്റെ മുട്ടുകളെ മടക്കി ഞാൻ ഇവ്വണ്ണം പ്രാർത്ഥിച്ചു.

“സർവ്വശക്തനും നിത്യനും ആയ ദൈവമേ, ഹൃദയങ്ങളെ ആരാഞ്ഞറിയുന്നവനെ ഞാൻ നിനക്കായി സമർപ്പിക്കുന്നു. ഈ സമർപ്പണത്തെ അവിടുന്ന് സ്വീകരിക്കണമെ. എന്നെ സാത്താന്റെ എല്ലാ കെണികളിൽ നിന്നും വിടുവിക്കണമെ. എന്റെ ഹൃദയത്തിൽ നിന്ന് ലോകത്തെയും അതിന്റെ മോഹങ്ങളെയും നീക്കിത്തരണമെ. അവിടുത്തെ ഏക പുത്രനായ യേശുക്രിസ്തുവിനെ എല്ലാവരുടെയും മുമ്പാകെ പരസ്യമായി ഏറ്റുപറയുന്നതിന് എനിക്ക് ധൈര്യവും ശക്തിയും തരണമെ. എന്റെ പ്രാർത്ഥന യേശുക്രിസ്തുമൂലം കേൾക്കുകയും അംഗീകരിക്കുകയും ചെയ്യുമാറാകണമേ” ആമേൻ.

ഈ പ്രാർത്ഥന തീർന്നശേഷം അല്പം ഉറക്കം ലഭിക്കുകയും കുറച്ചുനേരം ഉറങ്ങുകയും ചെയ്തു. ഞാൻ ഉണർന്നപ്പോൾ എനിക്ക് പൂർണ്ണമായ ആനന്ദവും സന്തോഷവും തോന്നി. മുൻപത്തെ ചിന്താകുലവും അസ്വാസ്ഥ്യവും എന്നെ ഒട്ടും ശല്യപ്പെടുത്തിയില്ല.

പ്രഭാതം വിടരുകയായിരുന്നു. ഞാൻ വേഗം മുഖം കഴുകി, മുൻഷി മൻസൂർ മസീഹിന്റെ വീട്ടിലേക്ക് പുറപ്പെട്ടു. ഞാൻ അവിടെ എത്തിയപ്പോൾ ഞാൻ നേരത്തെ എത്താത്തതിൽ അദ്ദേഹം വളരെ ഉൽകണ്ഠാകുലനായി കാണപ്പെ

ട്ടു. അത് ഞാൻ സാധാരണ ചായ കഴിക്കുന്ന സമയമാണെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നതുകൊണ്ട് എനിക്കുവേണ്ടി ചായ തയ്യാറാക്കിയിരുന്നു. ചായ കഴിച്ചിട്ട് കുറച്ചു സമയം കാര്യങ്ങൾ പറഞ്ഞിരുന്നശേഷം പ്രാർത്ഥനയിൽ മുഴുകി. പ്രർത്ഥനക്കുശേഷം ഞങ്ങൾ ലെഡ്ഗാഡ് പാതിരിയുടെ വീട്ടിൽ ചെന്നു.

അതിരാവിലെ അവിടെ എത്തിയതിൽ പാതിരിക്ക് ആശ്ചര്യം തോന്നി. ഞാൻ സ്നാനപ്പെടുന്നതിനാണെത്തിയ തെന്ന് മുൻഷി, പാതിരിയെ അറിയിച്ചു. ആദ്യമൊക്കെ ഞങ്ങ ളീക്കാര്യത്തിൽ ആത്മാർത്ഥതയുള്ളവരായി അദ്ദേഹത്തിന് തോന്നിയില്ല. തലേ രാത്രിയിൽ നടന്നതെല്ലാം കേട്ട ഉടൻ അദ്ദേഹം എഴുന്നേറ്റു എന്നെ ആലിംഗനം ചെയ്തിട്ടു പറഞ്ഞു: "നിങ്ങൾ ഗൗരവത്തോടെ വേദപുസ്തകം വായി ച്ചാൽ തീർച്ചയായും ക്രിസ്ത്യാനിയായിത്തീരും എന്നെനി ക്കറിയാം. നിങ്ങൾക്ക് ബോദ്ധ്യമായതിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. മൂന്നു ദിവസം കഴിഞ്ഞു സ്നാനപ്പെടുത്താ മെന്ന് വാഗ്ദാനം ചെയ്യുകയും അതിനിടയ്ക്ക് പത്തുകല്പ നകളും അപ്പോസ്തലിക വിശ്വാസപ്രമാണവും, കർത്താ വിന്റെ പ്രാർത്ഥനയും, കാണാതെ പഠിക്കാനാവശ്യപ്പെടു കയും ചെയ്തു. മുസ്ലീങ്ങളുടെ ഇടയിൽ താമസിക്കരുതെ ന്നും അദ്ദേഹം ഉപദേശിച്ചു. അദ്ദേഹത്തോടൊപ്പമോ, മുൻഷിയോടൊപ്പമോ താമസിക്കുവാൻ ആവശ്യപ്പെട്ടതിൽ രണ്ടാമത്തേത് സ്വീകരിക്കുവാൻ ഞാൻ തീരുമാനിച്ചു.

ഞായറാഴ്ച ആയപ്പോൾ ദൈവാലയം മുഴുവൻ മുസ്ലീങ്ങളെകൊണ്ടു നിറഞ്ഞു. അപകടം മനസ്സിലായി ലെഡ്ഗാഡ് പാതിരി എന്റെ സ്നാനം മാറ്റിവച്ചു. ഒടുവിൽ ദൈവ കരുണയാലും കൃപയാലും 1903 ആഗസ്റ്റ് 6-ന് ബോംബെയിലെ സെന്റ് പാൾസ് ദൈവാലയത്തിൽവെച്ച് സ്നാനമേറ്റു. താഴെ പറയുന്ന വ്യക്തികളുടെ സാന്നിദ്ധ്യത്തി ലാണ് സ്നാനം നടന്നത്. റവ. കാനൻ ലെഡ്ഗാർഡ് എന്നെ സ്നാനപ്പെടുത്തി; മുൻഷി മൻസൂർ മസീഹ് മറ്റു രണ്ടു മാന്യവ്യക്തികൾ അവരുടെ പേര് ഇപ്പോൾ ഞാൻ ഓർമ്മി

ക്കുന്നില്ല. ആ വിശുദ്ധ കർമ്മം തീർന്ന ഉടൻ എന്നെ കാൺപൂരിലേയ്ക്കയച്ചു കാരണം, ബോംബെയിലായിരിക്കുന്നത് എന്നെ സംബന്ധിച്ചിടത്തോളം അപകടകരമാണ്.

ഒരു ക്രിസ്ത്യാനിയായിത്തീർന്നപ്പോൾ എന്റെ ജീവിതത്തിൽ അത്ഭുതകരമായ മാറ്റം ഉണ്ടായി. എന്റെ സംഭാഷണം, പ്രവർത്തനങ്ങൾ, ജീവിതരീതി എല്ലാം തന്നെ ഒരു വർഷത്തിനുശേഷം ഞാൻ അല്പസമയത്തേയ്ക്ക് ബോംബെ സന്ദർശിച്ചപ്പോൾ എന്റെ മുസ്ലീം സ്നേഹിതന്മാർക്ക് അതിശയം തോന്നുന്ന തരത്തിലായിരുന്നു ആ മാറ്റം – എന്റെ ശാന്തതയിൽ അവർ അത്ഭുതപ്പെട്ടു. കാരണം, ഞാൻ എത്ര എളുപ്പം കോപാകുലനാകുമായിരുന്നുവെന്ന് അവർക്കറിയാമായിരുന്നു.

ഞാൻ ഒരു ക്രിസ്ത്യാനിയായിത്തീരുന്നതിനുമുൻപ് പാപത്തെ പാപമെന്ന് തിരിച്ചറിഞ്ഞിരുന്നു. എന്നാൽ എത്ര അപകടകാരിയും നാശകാരിയുമായ ശക്തിയാണ് പാപമെന്ന് ഇന്ന് അറിയുന്നതുപോലെ അന്നു ഞാൻ അറിഞ്ഞിരുന്നില്ല. ഞാൻ ഇപ്പോഴും ദുർബ്ബലനായ, ഒരുപിടി പൊടിമാത്രമായ മനുഷ്യനാണെങ്കിലും ഞാൻ പാപം ചെയ്യുമ്പോൾ എന്നിലുണ്ടാകുന്ന ലജ്ജയും സങ്കടവും വർണ്ണനാതീതമാണ്. തൽക്ഷണം ഞാൻ കണ്ണുനീരോടെ കമിഴ്ന്നു വീണു അനുതപിക്കും; ക്ഷമയ്ക്കായി യാചിക്കുകയും ചെയ്യും. യേശുക്രിസ്തുവിന്റെ പാപപരിഹാരയാഗത്തെക്കുറിച്ചുള്ള ബോധംകൊണ്ടു മാത്രമാണ് ഈ പ്രവർത്തനരീതി പ്രാപിക്കാൻ സാധിക്കുന്നത്. അനുതപിക്കുന്നതുകൊണ്ടു മാത്രം പാപം മാറ്റപ്പെടുകയില്ല. യേശുക്രിസ്തുവിന്റെ വിശുദ്ധ രക്തംകൊണ്ട് പാപം കഴുകപ്പെടുകയും വേണം. ഇതേ കാരണത്താൽ, പാപത്തെ ലഘുവായി കരുതുന്ന ലോകം ദിവസേന നാശത്തിന്റെ വക്കിലേക്ക് നീങ്ങികൊണ്ടിരിക്കുന്നു.

സാത്താൻ എനിക്കെതിരായി തന്റെ എല്ലാ ശക്തിയുമുപയോഗിച്ച് യുദ്ധം ചെയ്യുന്നുവെങ്കിലും ഞാൻ അല്പം പോലും ഭയപ്പെടുന്നില്ല. കാരണം യേശുക്രിസ്തു അവന്റെ

തല തകർത്തുവെന്ന് ഞാൻ വിശ്വസിക്കുന്നു. സാത്താന് യേശുക്രിസ്തുവിന്റെ വിശ്വസ്ത വേലക്കാരെ ഉപദ്രവിക്കാൻ കഴികയില്ല. അവരെ ജയിക്കാനും സാദ്ധ്യമല്ല. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും സൃഷ്ടികർത്താവും, ഹൃദയത്തെ ആരാഞ്ഞറിയുന്നവനുമായ ദൈവം തന്നെ എന്റെ മുസ്ലീം സഹോദരങ്ങളുടെ മനസ്സു മാറ്റട്ടെ. അവർക്കു ദർശനം നൽകി, ന്യായവിധി ദിവസത്തെ ഓർത്ത് അവരുടെ ആത്മീകാവശ്യങ്ങൾ കണ്ടുണർന്ന് യേശുക്രിസ്തുവിന്റെ അനുഗാമികളായിത്തീരട്ടെ. ആമേൻ.

എന്ന്, എന്റെ പ്രിയ മുസ്ലീം സഹോദരങ്ങളെ, നിങ്ങളുടെ ആത്മീയ അഭ്യുദയകാംക്ഷിയായ,

സുൽത്താൻ മുഹമ്മദ് പോൾ

*****

ഈ പുസ്തകം നിങ്ങൾ ശ്രദ്ധയോടെ വായിക്കുകയാണെങ്കിൽ തുടർന്നുള്ള ചോദ്യങ്ങളുടെ ഉത്തരം എളുപ്പത്തിൽ കണ്ടെത്താം. 15 ഉത്തരമെങ്കിലും ശരിയായാൽ ഞങ്ങളുടെ ഒരു പ്രസിദ്ധീകരണം സൗജന്യമായി നൽകുന്നതാണ്.

നിങ്ങളുടെ പേരും പൂർണ്ണവിലാസവും എഴുതാൻ മറക്കരുത്.

1. മനുഷ്യന്റെ അധപ്പതനം എന്ത്? അത് മനുഷ്യനിൽ പ്രകടമാകുന്നത് എങ്ങനെ?

2. സുൽത്താൻ മുഹമ്മദ് പോളിനെ അഭിമുഖീകരിച്ച അടിസ്ഥാനപ്രശ്നം എന്തായിരുന്നു?

3. സുൽത്താൻ മുഹമ്മദ് പോളിന്റെ താഴെ പറയുന്ന ചോദ്യങ്ങളോടുള്ള ഇംഗ്ലീഷ് പുരോഹിതന്മാരുടെ പ്രതികരണം ഉദ്ധരിക്കുക.

   a) ഞാൻ എന്തിന് ബൈബിൾ വായിക്കണം?

   b) എല്ലാ വർഷവും മാറ്റത്തിരുത്തലുകൾക്ക് വിധേയമായികൊണ്ടിരിക്കുന്ന ഈ പുസ്തകം ആരു വായിക്കും?

4. ഇസ്ലാമിലെ രക്ഷയെപ്പറ്റി മുൻഷി മൻസൂർ മസീഹിന്റെ വെല്ലുവിളിക്ക് ഉത്തരം നല്കിയ ശേഷം സുൽത്താൻ മുഹമ്മദ് പോളിന് എന്തു തോന്നി?

5. മുൻഷി മൻസൂർ മസീഹിന്റെ ചൊടുപ്പിക്കുന്ന വാക്കുകൾ സുൽത്താൻ മുഹമ്മദ് പോളിന് എപ്രകാരം ബൈബിൾ പഠനത്തിന് പ്രേരിപ്പിച്ചു?

6. ഖുർ-ആൻ, ബൈബിൾ, അവസ്ഥ, സത്യാർത്ഥപ്രകാശ് എന്നിവ താരതമ്യപ്പെടുത്തിയപ്പോൾ സുൽത്താൻ മുഹമ്മദ് പോളിനെ എപ്രകാരമുള്ള ഒരു അന്വേഷകനാക്കിതീർത്തു?

7. സുൽത്താൻ മുഹമ്മദ് പോൾ മനുഷ്യനെയും രക്ഷയെയുംകുറിച്ച് എന്താണ് കണ്ടെത്തിയത്?

8. ആദാം, അബ്രഹാം, ഇസ്ലാം പ്രവാചകർ, അബൂബേക്കർ, മറ്റു മനുഷ്യർ എന്നിവരെക്കുറിച്ചുള്ള തന്റെ പഠനത്തിൽ നിന്നും സുൽത്താൻ മുഹമ്മദ് പോൾ എന്തു ഗ്രഹിച്ചു? ഇവരിൽ നിന്നും യേശു എപ്രകാരം വ്യത്യസ്തനായിരുന്നു?

9. പുതിയ നിയമത്തിൽ മുഹമ്മദ് പോൾ കണ്ടെത്തിയ യേശുവിന്റെ പാപമില്ലായ്മയെക്കുറിച്ച് പറയുന്ന അഞ്ചു ഭാഗങ്ങൾ ഉദ്ധരിക്കുക.

10. സുൽത്താൻ മുഹമ്മദ് പോൾ 19:71,72, മിഷ്കാത്തിന്റെ വ്യാഖ്യാനത്തിൽനിന്ന് 11:118,199-ൽ നിന്നും പഠിച്ച രണ്ട് പ്രധാന അടിസ്ഥാന തത്വങ്ങൾ ചുരുക്കി എഴുതുക.

11. സുൽത്താൻ മുഹമ്മദ് പോൾ പാരമ്പര്യത്തിൽ നിന്നും രക്ഷയെക്കുറിച്ച് കണ്ടെത്തിയ മൂന്ന് കാര്യങ്ങൾ ചുരുക്കി വിവരിക്കുക. ഈ കണ്ടെത്തലിനുശേഷമുള്ള അദ്ദേഹത്തിന്റെ മാനസികാവസ്ഥ എന്തായിരുന്നു?

12. പാരമ്പര്യങ്ങളിലുള്ള ഗവേഷണത്തിനുശേഷം മത്തായിയുടെ സുവിശേഷത്തിൽ നിന്നും സുൽത്താൻ

മുഹമ്മദ് പോൾ കണ്ടെത്തിയ വാക്യം ഉദ്ധരിക്കുക. ഇത് അദ്ദേഹത്തിൽ ഉളവാക്കിയ പ്രതികരണം എന്ത്?

13. യോഹ. 14:6 ഉദ്ധരിച്ച് അതിന്റെ പ്രധാന്യം വിവരിക്കുക.

14. ക്രിസ്തുവിന്റെ അസാധാരണമായ കഴിവിന് ഊന്നൽ കൊടുക്കുന്ന രണ്ട് കാര്യങ്ങൾ ഏവ?

15. ദൈവം രക്ഷ എങ്ങനെ നല്കിയിരിക്കുന്നുവെന്ന് മത്തായി 20:28 ഉദ്ധരിച്ച് വിശദമാക്കുക.

16. യേശുവിന്റെ യാഗത്തിന്റെയും പ്രയശ്ചിത്തത്തിന്റെയും ആവശ്യമെന്തായിരുന്നു? യേശുവിന്റെ ജീവനെ കൊടുക്കാതെ രക്ഷിപ്പാൻ കഴിയുമായിരുന്നില്ലേ? ഈ ചോദ്യങ്ങൾക്കുള്ള സുൽത്താന്റെ മറുപടി എന്തായിരുന്നു?

17. ദൈവം തന്റെ സ്നേഹം എങ്ങനെ പ്രകടമാക്കിയെന്ന് പുതിയ നിയമത്തിലെ വാക്യങ്ങളിൽ നിന്ന് ഉദ്ധരിക്കുക.

18. മതത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യമെന്ത്? ഏത് മുഖാന്തരങ്ങളിലൂടെ അത് ലഭ്യമാക്കുന്നു? ഈ ഉത്തരത്തിന് ഊന്നൽ കൊടുക്കുന്ന റോമാ ലേഖന ഭാഗം ഉദ്ധരിക്കുക.

19. തന്റെ സംഘടനയെ അവസാനമായി സംബോധന ചെയ്ത്, തന്നെ തന്റെ മുറിയിൽ അടച്ച് തന്നോടു തന്നെ പറഞ്ഞതും തന്റെ മുഴങ്കാലിൽ ദൈവത്തോട് പ്രാർത്ഥിച്ചതുമായ വചനങ്ങൾ ഉദ്ധരിക്കുക.

20. ക്രിസ്തുവിനുവേണ്ടി തന്റെ ജീവിതം സമർപ്പിച്ച ശേഷം സുൽത്താൻ മുഹമ്മദ് പോളിൽ തന്റെ മുസ്ലീം സ്നേഹിതന്മാർ ദർശിച്ച മാറ്റങ്ങൾ എന്തെല്ലാം?

ക്രിസ്തീയ വിശ്വാസത്തെക്കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും ചോദ്യമുണ്ടെങ്കിൽ ഉത്തരം നൽകാൻ ഞങ്ങൾ സന്നദ്ധരാണ്. നിങ്ങളുടെ മേൽവിലാസം അകത്തും പുറത്തും വിശദമായി എഴുതാൻ മറക്കാതിരിക്കുക.

*****